

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

# വാർഷിക റിപ്പോർട്ട് 2012–2013




കെ എസ് ബി ബി

വാർഷിക റിപ്പോർട്ട്

2012 - 2013

പ്രസാധകർ

**ഡോ. കെ.പി ലാലാദാസ്**

മെമ്പർ സെക്രട്ടറി

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

പള്ളിമുക്ക്, പേട്ട പി ഒ, തിരുവനന്തപുരം 695024

ഫോൺ : 0471–2740240, ഫാക്സ് : 0471–2740234

ഇ മെയിൽ : keralabiodiversity@gmail.com

വെബ്സൈറ്റ് : keralabiodiversity@gmail.com

രൂപരേഖ

കമ്മ്യൂണിക്കെ, തിരുവനന്തപുരം

കേരള സംസ്ഥാന
ജൈവവൈവിധ്യ ബോർഡ്

# വാർഷിക റിപ്പോർട്ട്

2012 - 2013

KSBB

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
പള്ളിമുക്ക്, പേട്ട, തിരുവനന്തപുരം



# ഉള്ളടക്കം


9
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
ദർശനവും ദൗത്യവും

12
ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ

14
ജൈവവൈവിധ്യ
സംരക്ഷണ പദ്ധതികൾ
ജലജൈവവൈവിധ്യത്തിന്റെയും
സമുദ്രജൈവവൈവിധ്യത്തിന്റെയും
സംരക്ഷണം 14







21
പരിസ്ഥിതി പഠനം

23
ജൈവവൈവിധ്യ
ശിൽപശാലകൾ

27
ശിൽപശാലകൾ

30
ഹരിത പുരസ്കാരങ്ങൾ

32
ഫോട്ടോഗ്രാഫി മത്സരം

34
വിദഗ്ധ കമ്മിറ്റികളിലെയും
സംരംഭങ്ങളിലെയും പ്രാതിനിധ്യം

36
പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നയപരമായ നിർദ്ദേശങ്ങൾ

# അവതാരിക



ഡോ. ഉമ്മൻ വി. ഉമ്മൻ
ചെയർമാൻ

സംസ്ഥാന ജൈവവൈവിധ്യ ബാർഡിന്റെ 2012-13 വർഷത്തെ പ്രധാന പ്രവർത്തന നേട്ടങ്ങൾ ഉൾപ്പെടുന്ന വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പ്രഥമ സമുദ്ര ജൈവവൈവിധ്യ രജിസ്റ്ററിന്റെ രൂപീകരണ പ്രവർത്തനങ്ങൾ തുടങ്ങിയതുൾപ്പെടെ നിരവധി പുതിയ പദ്ധതികൾ ഈ കാലയളവിൽ നടപ്പിലാക്കി. മറ്റു പല പദ്ധതികളും നിർവ്വഹണ ഘട്ടത്തിലാണ്.

കേരളം ഏറെ ജൈവസമ്പുഷ്ടമായ പ്രദേശമാണെങ്കിലും ജൈവ സമ്പത്തുകളുടെ പരിമിതികൾ അറിയാതെയുള്ള ചൂഷണം, പരിണിതഫലങ്ങളെക്കുറിച്ച് ചിന്തിക്കാതെയുള്ള ഉപഭോഗം, ആവാസവ്യവസ്ഥയിലെ മറ്റ് ഘടകങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ കണക്കിലെടുക്കാതെയുള്ള ഉദ്പാദനമെന്നിവ ഈ മേഖല നേരിടുന്ന വെല്ലുവിളികളാണ്. ഇത് മുൻനിർത്തി ബോർഡ് നടപ്പാക്കിയ പരിപാടികളിൽ മുഖ്യമാണ് ഔഷധ സസ്യങ്ങളുടെ അമിത ചൂഷണം തടയാനുള്ള മാനദണ്ഡങ്ങളുടെ രൂപീകരണം. നാടൻ വിളയിനങ്ങൾ, കന്നുകാലി ഇനങ്ങൾ എന്നിവയുടെ സംരക്ഷണം ലക്ഷ്യമിട്ട് പല പദ്ധതികൾ ബോർഡ് നടപ്പിലാക്കി. കടൽ, മറ്റ് ജലാശയങ്ങൾ എന്നിവയിലെയും മറ്റ് ആവാസ വ്യവസ്ഥകളിലെയും ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ബോർഡ് മുൻഗണന നൽകിയിട്ടുണ്ട്. നഗര ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി നഗരത്തിലെ ജലാശയങ്ങളിലെ ജൈവവൈവിധ്യ പുനരുജ്ജീവനത്തിനായി ഒരു പദ്ധതി ബോർഡ് മുൻഗണന നൽകി ഇക്കാലയളവിൽ നടപ്പിലാക്കി.

പ്രകൃതി പഠനവും പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ബോർഡ് പ്രാമുഖ്യം നൽകിയിട്ടുണ്ട്. കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സ്, ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ, ശാന്തിസ്ഥൽ എന്നിവ നടപ്പാക്കിയതിനു പുറമേ ഗ്രാമതലം മുതൽ അന്തർദ്ദേശീയതലത്തിൽ വരെയുള്ള ജൈവവൈവിധ്യ പ്രദർശനങ്ങളും ബോർഡ് സംഘടിപ്പിച്ചു. നമ്മുടെ ജീവിതത്തിൽ ജൈവവൈവിധ്യം ചെലുത്തുന്ന സ്വാധീനത്തെ സംബന്ധിച്ച് സാമാന്യ ജനങ്ങളിൽ അവബോധം പകരാനും കുട്ടികളെയും യുവജനങ്ങളെയും ജൈവവൈവിധ്യ സംരക്ഷണത്തിൽ പങ്കാളികളാക്കാനും ഈ പ്രവർത്തനങ്ങൾ വഴിയൊരുക്കിയിട്ടുണ്ട്.

പരിസ്ഥിതി സംരക്ഷണത്തിനായി സംസ്ഥാന ഗവൺമെന്റ് നിരവധി നിയന്ത്രണപരവും പ്രോത്സാഹനപരവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ നിഷ്ക്കർഷിക്കുംവിധമുള്ള മാറ്റങ്ങൾ പരിസ്ഥിതി നയത്തിൽ വരുത്താൻ പരിസ്ഥിതി വകുപ്പ് ശ്രമം തുടങ്ങിക്കഴിഞ്ഞു. ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ രൂപീകരിച്ച ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ ഡിജിറ്റലൈസ് ചെയ്യുന്നത് ഈ ദിശയിലെ പ്രവർത്തനങ്ങൾക്ക് ശക്തി പകരും. ഇതിനു ബോർഡ് തുടക്കമിട്ടിട്ടുണ്ട്.

ജൈവവൈവിധ്യ ബോർഡിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താനും വരുംവർഷങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ആസൂത്രണം നടത്താനും ഈ പ്രവർത്തന റിപ്പോർട്ട് നിമിത്തമാകും. ജൈവവൈവിധ്യ സംരക്ഷണ, അവബോധ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചമായി നടപ്പാക്കാൻ ബോർഡ് പ്രതിജ്ഞാബദ്ധമാണ്. ജൈവവൈവിധ്യ പരിപാലന സമിതികൾ, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ, പ്രാദേശിക ഭരണകൂടങ്ങൾ എന്നിവയുടെ സമന്വയത്തിലൂടെ ഇത് താഴെത്തട്ടുമുതൽ സാധ്യമാക്കാനാണ് ബോർഡ് ശ്രമിക്കുന്നത്. ജൈവവൈവിധ്യ സമ്പുഷ്ടമായ കേരളത്തിന്റെ പാരിസ്ഥിതിക സമ്പത്ത് നിലനിർത്താൻ നമ്മുടെ ഒത്തുചേർന്നുള്ള പ്രവർത്തനവും ആശയസമന്വയവും വഴിയൊരുക്കുമെന്ന് എനിക്കുറപ്പുണ്ട്.

# ആമുഖം



ഡോ.കെ.പി.ലാലാദാസ്
മെമ്പർ സെക്രട്ടറി


ജൈവവൈവിധ്യ നയങ്ങളും നിയമങ്ങളുമായി ബന്ധപ്പെട്ട് ലോക ത്തെമ്പാടും നല്ല മുന്നേറ്റങ്ങളുണ്ടായ വർഷമാണ് 2012-13. ഇക്കാലയ ളവിൽ ജൈവവൈവിധ്യ രംഗത്ത് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട സമ്മേളനമായ 'കോൺഫറൻസ് ഓഫ് പാർട്ടീസിന്' ഭാരതം ആതിഥ്യം വഹിച്ചു. നിയമപരമായ രണ്ട് ഉടമ്പടികൾ ഉൾപ്പെടെ ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കുന്ന പല ഡോക്യുമെന്റുകളും റിയോ ഡി ജനിറോ യിൽ നടന്ന ഭൗമ ഉച്ചകോടിയിൽ അവതരിപ്പിക്കാൻ കോൺഫറൻസ് ഓഫ് പാർട്ടീസിലെ നടപടി ക്രമങ്ങൾക്ക് സാധിച്ചു.

ഭാരതത്തിൽ ജൈവവൈവിധ്യ സംരക്ഷണരംഗത്ത് കേരളത്തിന്റെ പ്രവർത്തനം മുൻനിരയിലായിരുന്നുവെന്നതാണ് എടുത്തു പറയാവുന്ന മറ്റൊരു കാര്യം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് രൂപം നൽകിയ പ്രഥമ സംസ്ഥാനമായി കേരളം മാറി. ജൈവവൈവിധ്യ സംരക്ഷണരംഗത്തെ ഭാരതത്തിലെ സുപ്രധാന സമ്മേളനമായ നാഷണൽ ബയോഡൈ വേഴ്സിറ്റി കോൺഫറൻസിന് കേരളം ആതിഥ്യം വഹിച്ചതും ഇക്കാലയളവിലാണ്.

ജൈവവൈവിധ്യ ആക്ട് 2002, ജൈവവൈവിധ്യ ചട്ടങ്ങൾ 2004 എന്നിവയിലെ വ്യവ സ്ഥകൾ കൃത്യമായി പാലിക്കപ്പെടണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തല ത്തിൽ ഒരു സംവിധാനം അത്യന്താപേക്ഷിതമാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലും ജനകീയ ജൈവവൈവിധ്യ സമിതികളുണ്ടാക്കിയതിലൂടെ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് താഴെത്തട്ടിൽ പരാഹാരം തേടാനുള്ള ഒരു സംവിധാനമാണ് കേരളത്തിൽ സജ്ജമായത്. ജൈവവൈവിധ്യ പരിപാലന സമിതികളുടെ ശാക്തീകരണത്തിന് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുൻഗണന നൽകിയിട്ടുണ്ട്. ഇതിനുവേണ്ട നിർദ്ദേശങ്ങളും ബോധവൽക്കരണ പരിപാടികളും ജനകീയ ജൈവവൈ വിധ്യ പരിപാലന സമിതികൾക്കായി സംഘടിപ്പിക്കുകയുമുണ്ടായി. പരിസ്ഥിതി പ്രശ് നങ്ങളിൽ താഴെത്തലത്തിൽ വേണ്ട ഇടപെടലുകൾ നടത്തുന്ന പരിസ്ഥിതി കാവൽ സംഘമായും ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് അധികാരം നൽകി. ജൈവവൈവിധ്യവും പാരമ്പര്യ വിജ്ഞാനവുമായി ബന്ധപ്പെട്ട ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളിലെ അറിവുകൾ ബാഹ്യവ്യക്തികൾക്കും ഏജൻസികൾക്കും പ്രാപ്തമാക്കു ന്നത് തടയാനുള്ള നിർദ്ദേശങ്ങളും നൽകപ്പെട്ടു. ജൈവവൈവിധ്യ വിദഗ്ധർ അംഗങ്ങളാ യുള്ള ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുകൾ 14 ജില്ലകളിലും രൂപീകരിച്ചത് ജൈവൈവിധ്യ പരിപാലന സമിതികൾക്ക് സാങ്കേതിക പിന്തുണ നൽകുന്ന സംവിധാനമായി മാറി.

2012-13 സാമ്പത്തിക വർഷം ബോർഡ് നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ കൂടു തൽ മെച്ചപ്പെട്ട വിധത്തിൽ തുടർന്ന് നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ജൈവവൈ വിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കാനും ശക്തിപ്പെടുത്താനും നമുക്ക് സാധിക്കും. ഈ പ്രവർത്തനങ്ങൾ സ്തുത്യർഹമായി നടപ്പാക്കുന്നതിന് നേതൃത്വം നൽകിയ ജൈവവൈവിധ്യ ബോർഡിന്റെ ചെയർമാൻ, ബോർഡ് അംഗങ്ങൾ, പ്രവർ ത്തനങ്ങൾ സമർപ്പണ മനോഭാവത്തോടെ നടപ്പാക്കിയ ബോർഡിലെ സ്റ്റാഫംഗങ്ങൾ എന്നിവരുടെ സേവനം ഇത്തരുണത്തിൽ ഞാൻ സ്മരിക്കുന്നു.

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്



കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് 2003 ഒക്ടോബറിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ രൂപീകരണം സംബന്ധിച്ച നിർദ്ദേശം മുന്നോട്ട് വയ്ക്കുന്നത്. 2002 ലെ ജൈവവൈവിധ്യ ചട്ടം അനുശാസിക്കുംവിധമായിരുന്നു ഈ നിർദ്ദേശം. ഇതേതുടർന്ന് 2005 ൽ ജൈവവൈവിധ്യ ചട്ടത്തിലെ (2002) 22 മുതൽ 25 വരെയുള്ള വകുപ്പുകൾ പ്രകാരം സംസ്ഥാന ഗവൺമെന്റ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് രൂപം നൽകി. സംസ്ഥാന പരിസ്ഥിതി വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമാണ് ജൈവവൈവിധ്യ ബോർഡ്. പരിസ്ഥിതി വകുപ്പിന് കീഴിലുള്ള ഈ സ്ഥാപനം കേരള ഗവൺമെന്റിനു വേണ്ടി ജൈവവൈവിധ്യ സംരക്ഷണം, ജൈവസമ്പത്തുകളുടെ വിവേചനപൂർവ്വമായ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇവയ്ക്കുവേണ്ട് നിയമപരമായ പരിരക്ഷയും ഉപദേശവും സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഉറപ്പുവരുത്തുന്നു. തിരുവനന്തപുരത്താണ് ജൈവവൈവിധ്യ ബോർഡിന്റെ ആസ്ഥാനം. 2008 ൽ ജൈവവൈവിധ്യ ചട്ടങ്ങൾക്കു സംസ്ഥാനം രൂപം നൽകുകയുണ്ടായി. കഴിഞ്ഞ ഏഴ് വർഷങ്ങളിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ്; ജൈവവൈവിധ്യ സംരക്ഷണം, ജൈവവൈവിധ്യ പരിപാലന സമിതികളുടെ രൂപീകരണം, ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ നിർമ്മാണം, കാർഷിക ജൈവവൈവിധ്യ സംരക്ഷണം, നീർത്തടങ്ങളുടെ സംരക്ഷണം, നാടൻ കന്നുകാലി ജനസ്സുകളുടെ സംരക്ഷണം, നീർപ്പക്ഷികളുടെ സംരക്ഷണം തുടങ്ങി ഒട്ടേറെ മേഖലകളിൽ നിർണ്ണായകമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. ജൈവൈവവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട നയങ്ങളും മാനദണ്ഡങ്ങളും രൂപപ്പെടുത്തിയതിലും ബോർഡിന്റെ പങ്ക് സുപ്രധാനമാണ്.

ഇക്കാലയളവിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങിലും ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ച പ്രഥമ സംസ്ഥാനമായി കേരളം മാറി. ചെയർമാൻ, മെമ്പർ സെക്രട്ടറി, ഗവൺമെന്റ് നോമിനേറ്റ് ചെയ്ത 5 അംഗങ്ങൾ, 5 എക്സ് ഒഫിഷ്യോ അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട ബോർഡാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനും, ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിരക്ഷ ഉറപ്പാക്കുന്നതിനും പിന്നിൽ നിർണ്ണായക ശക്തിയായി വർത്തിച്ചത്.



## ഔദ്യോഗികാംഗങ്ങൾ

1. ചെയർമാൻ **പ്രൊഫ. ഡോ. ഉമ്മൻ വി. ഉമ്മൻ**
2. മെമ്പർ സെക്രട്ടറി **ഡോ. കെ. പി. ലാലാദാസ്**
3. എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്,
   കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റ്, ശാസ്ത്ര ഭവൻ, പട്ടം
4. പ്രിൻസിപ്പൽ സെക്രട്ടറി,
   ഫോറസ്റ്റ് & വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്
5. പ്രിൻസിപ്പൽ സെക്രട്ടറി,
   ഫിഷറീസ് ഡിപ്പാർട്ട്മെന്റ്
6. പ്രിൻസിപ്പൽ സെക്രട്ടറി,
   എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റ്
7. അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ,
   ഗവൺമെന്റ് ഓഫ് കേരള

## നോമിനേറ്റു ചെയ്ത അംഗങ്ങൾ

1. ഡോ. കെ.ജി.ശ്രീകുമാർ,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, കേരള, സീനിയർ റിസർച്ച് ഓഫീസർ(ബോട്ടണി) & ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ഫാർമക്കോഗ്നോസി യൂണിറ്റ് ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം

2. ഡോ. എൻ. ഓമനകുമാരി,
അരുണിമ, ബാപ്പൂജി ഗാർഡൻസ്, മണ്ണന്തല.പി.ഒ, തിരുവനന്തപുരം


3. ഡോ.അച്യുത്ശങ്കർ എസ്. നായർ,
ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫോർമാറ്റിക്സ്, ഡയറക്ടർ, സ്റ്റേറ്റ് ഇന്റർ-യൂണിവേഴ്സിറ്റി സെന്റർ ഓഫ് എക്സലൻസ് ഇൻ ബയോഇൻഫോർമാറ്റിക്സ്, യൂണിവേഴ്സിറ്റി ഓഫ് കേരള, തിരുവനന്തപുരം - 695 581

4. ഡോ.എ.കെ.ഷെരീഫ്,
ക്ലൗഡ്-9 അപ്പാർട്ട്മെന്റ്, ലോ കോളേജ് റോഡ്, വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം

5. ഡോ.കെ.മോഹന കുറുപ്പ്,
നേരിയംപള്ളിൽ ഹൗസ്, എലിപ്പാക്കുളം, പള്ളിക്കൽ.പി.ഒ, ആലപ്പുഴ - 690 503

## സ്റ്റാഫ്

| | |
|---|---|
| 1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | **ശ്രീമതി. കെ. മിനി** |
| 2. പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ | **ഡോ. സി. അനിൽ കുമാർ** |
| 3. സയന്റിഫിക് ഓഫീസർ | **ശ്രീ. ജി. എസ്. ഉണ്ണികൃഷ്ണൻ നായർ** |
| 4. ടെക്നിക്കൽ അസിസ്റ്റന്റ് | **ശ്രീമതി. നിഷ. എസ്.കെ** |
| 5. ക്യാഷ്യർ കം-അസിസ്റ്റന്റ് | **ശ്രീ. എസ്. മനു** |
| 6. പാർട്ട് ടൈം സ്വീപ്പർ | **ശ്രീമതി. പ്രഭാകുമാരി** |





## പ്രോജക്ട് സ്റ്റാഫ്

| | |
|---|---|
| സീനിയർ പ്രോഗ്രാം കോർഡിനേറ്റർ | **പ്രൊഫ. ജസ്റ്റിൻ മനോഹർ രാജ്** |
| പ്രോഗ്രാം കോർഡിനേറ്റർ | **ഡോ. ആനി മത്തായി** |
| അസിസ്റ്റന്റ് പ്രോഗ്രാം കോർഡിനേറ്റർ | **ശ്രീമതി. വിജയശ്രീ .എ.എസ്** |
| പ്രോജക്ട് അസിസ്റ്റന്റ് | **ശ്രീ. ജി.രാമചന്ദ്രൻ പിള്ള** |
| അഡ്മ്നിസ്ട്രേറ്റീവ് അസിസ്റ്റന്റ് | **ശ്രീ. ശിവനേശൻ** |
| പ്രോജക്ട് അസ്സോസിയേറ്റ് | **ശ്രീമതി. മിത്രാംബിക .എൻ.ബി** |
| പ്രോജക്ട് അസ്സോസിയേറ്റ് | **ശ്രീമതി. സന്ധ്യാ റാണി. എസ്.കെ** |
| പ്രോജക്ട് അസ്സോസിയേറ്റ് | **മിസ്. ഷൈനി എൻ. മണി** |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | **ശ്രീമതി. എൽ.ആർ. ആശാലത** |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | **ശ്രീമതി. പി.രേവതി** |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | **ശ്രീമതി. പ്രിയ എസ്. നായർ** |
| ഡാറ്റാ അനലിസ്റ്റ് | **ശ്രീമതി. മധുമതി ബാലചന്ദ്രൻ** |
| സ്കിൽഡ് അസിസ്റ്റന്റ് | **ശ്രീ. ജെ.ഗോപകുമാർ** |
| പ്രോജക്ട് അസിസ്റ്റന്റ് | **ശ്രീ. ശ്രീകുമാർ** |
| ഹെൽപ്പർ | **ശ്രീ. മുരളീധരൻ നായർ** |
| ഹെൽപ്പർ | **ശ്രീമതി. പ്രിയ** |

## NBA പ്രോജക്ട് സ്റ്റാഫ്

| | |
|---|---|
| ടെക്നിക്കൽ അസ്സോസിയേറ്റ് | **ഡോ. പ്രീത.എൻ** |
| ടെക്നിക്കൽ അസ്സോസിയേറ്റ് | **ഡോ. ബൈജുലാൽ ബി** |
| പ്രോജക്ട് അസിസ്റ്റന്റ് | **ശ്രീ. ശ്രീകുമാരൻ നായർ** |
| ലൈബ്രറി അസിസ്റ്റന്റ് | **ശ്രീ. വിനോദ് സെൻ** |



## ബോർഡ് യോഗങ്ങൾ



റിപ്പോർട്ടു കാലയളവിൽനാലു മീറ്റിംഗുകൾ (11 ഏപ്രിൽ 2012, 22 സെപ്റ്റംബർ 2012, 6 ഫെബ്രുവരി 2013, 23 മാർച്ച് 2013 നും) നടത്തിയിരുന്നു.

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് – ദർശനവും ദൗത്യവും

സംസ്ഥാനത്ത് നടപ്പാക്കുന്ന ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധം നൽകാനും പ്രാമുഖ്യം നൽകേണ്ട മേഖലകൾ തിരിച്ചറിയാനുമായി 'കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, മിഷൻ 2012–17' രൂപം നൽകുകയുണ്ടായി. ഏറ്റവും പ്രാധാന്യം നൽകേണ്ടതായി തിരിച്ചറിഞ്ഞ 10 മേഖലകൾ ഇവയാണ്.



| നമ്പർ | മേഖലകൾ |
|---|---|
| 1. | കേരളത്തിലെ ജൈവവൈവിധ്യത്തിന്റെ പര്യവേഷണം |
| 2. | പരമ്പരാഗത വിളയിനങ്ങളുടെ സംരക്ഷണവും അവയുടെ വിത്ത്ബാങ്കുകളുടെ രൂപീകരണവും. |
| 3. | കേരളത്തിലെ ജൈവവൈവിധ്യ, പാരിസ്ഥിതിക പ്രശ്നങ്ങൾ അപഗ്രഥിക്കാനുള്ള സങ്കേതങ്ങളുടെ രൂപീകരണം |
| 4. | അടിസ്ഥാന ഗവേഷണം |
| | i. ജൈവവൈവിധ്യ, ജൈവവൈവിധ്യ സംരക്ഷണ ഗവേഷണം |
| | ii. മനുഷ്യരാശിക്ക് ഉപയോഗപ്പെടുംവിധമുള്ള പരമ്പരാഗത അറിവുകളുടെ കണ്ടെത്തൽ |
| | iii. ആദിവാസി ചികിത്സയും പരമ്പരാഗത ഔഷധ വിജ്ഞാനവും സംബന്ധിച്ച ഗവേഷണം |
| | iv. ജൈവസമ്പത്തുകളുടെ വിവേചന പൂർണ്ണമായ ഉപയോഗവും അവയിൽനിന്ന് ഉരുത്തിരിയുന്ന നേട്ടങ്ങളുടെ നീതിപൂർവ്വമായ പങ്കുവയ്ക്കലും സംബന്ധിച്ച ഗവേഷണം |
| 5. | ജൈവവൈവിധ്യത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങളുടെ മേൽനോട്ടം സുഗമമാക്കുന്നതിന് ഒരു ഡാറ്റാവേയുടെ രൂപീകരണം. |
| 6. | പരിസ്ഥിതി സൗഹൃദ സാമ്പത്തിക നയത്തിന്റെ രൂപീകരണം |
| 7. | കേരള സംസ്ഥാന ജൈവവൈവിധ്യ പാർക്ക് |
| 8. | പശ്ചിമഘട്ടത്തിലെ സസ്യവൈവിധ്യവും അതിന്റെ തനതായ ആവാസ വ്യവസ്ഥയിലും അതിനു പുറത്തും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |
| | i. ആവാസ വ്യവസ്ഥയ്ക്ക് പുറത്തുള്ള സംരക്ഷണം |
| | ii. ആവാസ വ്യവസ്ഥയ്ക്ക് ഉള്ളിലുള്ള സംരക്ഷണം |
| 9. | ആവാസ വ്യവസ്ഥകളുടെ സംരക്ഷണം |
| 10. | ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട അവബോധ പ്രവർത്തനങ്ങൾ |



മേൽപറഞ്ഞവയിൽ, തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിലുള്ള ജൈവവൈവിധ്യ പര്യവേഷണ പ്രവർത്തനങ്ങൾ, പരമ്പരാഗത കന്നുകാലി ജനസ്സുകളുടെയും നാടൻ വിത്തിനങ്ങളുടെയും സംരക്ഷണം, വിവിധ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ നിർവ്വഹണം തുടങ്ങിയ മേഖലകളിൽ ബോർഡ് നിർണ്ണായകമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ലക്ഷ്യമിട്ടിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കും.



## പ്രധാന പ്രവർത്തന നേട്ടങ്ങൾ

ജൈവവൈവിധ്യ സംരക്ഷണ നിയമം 2002 അനുശാസിക്കും വിധം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാ ലന സമിതികൾ രൂപീകരിച്ച പ്രഥമ സംസ്ഥാനമായി കേരളം മാറി.

പ്രാദേശിക ജൈവവൈവിധ്യത്തിന്റെയും പരമ്പരാഗത വിജ്ഞാനത്തിന്റെയും വിലപ്പെട്ട രേഖയായ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ 670 പഞ്ചായത്തുകളിൽ പൂർത്തിയായി.

സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിന് രൂപം നൽകി.

ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ജൈവവൈവിധ്യ പരിപാലന സമിതികൾ മുഖേന നടപ്പിലാക്കി

ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി.

കുളങ്ങൾക്കും ഉപേക്ഷിക്കപ്പെട്ട ക്വാറികൾക്കും വേണ്ടിയുള്ള പരിസ്ഥിതി പുനരുദ്ധാരണ പദ്ധതി

ജൈവൈവവിധ്യ ബോർഡുമായി ബന്ധപ്പെട്ട ഒരു ഗവേഷണ വിഭാഗത്തിന്റെ രൂപീകരണം.

തിരുവനന്തപുരത്ത് നടന്ന ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ മുഖ്യസംഘാടനം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിർവ്വഹിച്ചു.


ജൈവവൈവിധ്യസംരക്ഷണം സംബന്ധിച്ച് സാമാന്യജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എക്സിബിഷനുകൾ, സെമിനാറുകൾ, ശിൽപശാലകൾ, പുസ്തകങ്ങളുടെയും ലഘുലേഖകളുടെയും മറ്റും പ്രസിദ്ധീകരണം, വീഡിയോ നിർമ്മാണം എന്നിവ ഊർജ്ജിതപ്പെടുത്തി.

പ്രകൃതി പഠന പ്രവർത്തനങ്ങൾ

തിരുവനന്തപുരത്ത് ഇതാദ്യമായി പത്ത് ദിവസങ്ങൾ നീണ്ട ഒരു ജൈവവൈവിധ്യ എക്സ്പോ സംഘടിപ്പിച്ചു.

പാരിസ്ഥിതികമായി ഏറെ സവിശേഷതകളുള്ള കേരളത്തിലെ 5 പ്രദേശങ്ങളെ ജൈവവൈവിധ്യ പൈതൃകകേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്ക് തുടക്കം കുറിച്ചു.





## ബോർഡ് യോഗങ്ങൾ

റിപ്പോർട്ട് കാലയളവിൽ ബോർഡിന്റെ 4 സാധാരണ യോഗങ്ങൾ (2012 ഏപ്രിൽ 11, 2012 സെപ്റ്റംബർ 22, 2013 ഫെബ്രുവരി 6, 2013 മാർച്ച് 23) കൂടുകയുണ്ടായി.

## പ്രവർത്തനങ്ങൾ

**ജൈവവൈവിധ്യ നിയമങ്ങളുടെ ശാക്തീകരണം**


ജൈവവൈവിധ്യ സംരക്ഷണ നിയമങ്ങൾ 2002 ജൈവവൈവിധ്യ ചട്ടങ്ങൾ 2004 എന്നിവ അനുശാസിക്കും വിധം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാ ലന സമിതികൾ രൂപീകരിച്ച പ്രഥമ സംസ്ഥാനമായി കേരളം മാറി.

ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനത്തിനുവേണ്ട സാങ്കേതിക പിൻതുണ നൽകുന്നതിന് ജൈവവൈവിധ്യ രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കേരളത്തിലെ എല്ലാ ജില്ലകളിലും രൂപീകരിച്ചു.

ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങളുടെയും ജില്ലാ കോർഡിനേറ്റർമാരുടെയും അവലോകന യോഗങ്ങൾ നിശ്ചിത കാലയളവിൽ നടത്തുന്നു.

ജനകീയ ജൈവവൈവിധ്യ സമിതികൾക്കുള്ള ശാക്തീകരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും കേരളത്തിലെ എല്ലാ ജില്ലകളിലും സ്ഥിരമായ നടത്തിവരുന്നു. ജൈവവൈവിധ്യ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ഇത് സഹായകരമാകുന്നുണ്ട്.

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നിശ്ചിതകാലയളവിൽ പരിശീലന പരിപാടികൾ നടത്തി വരുന്നു.



2011-12 വർഷത്തിൽ 978 പഞ്ചായത്തുകളിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ചു. ജൈവവൈവിധ്യ പരിപാലന സമിതികൾ പ്രവർത്തിക്കുന്ന 60 മുൻസിപാലിറ്റികളുടെയും 5 കോർപ്പറേഷനുകളുടെയും ജില്ല തിരിച്ചുള്ള വിവരം






**2012 – 13 ൽ രൂപീകരിച്ച ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികൾ**

| നമ്പർ | ജില്ല | മുൻസിപാലിറ്റി കളുടെ എണ്ണം | രൂപീകരിച്ച BMC കളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 4 | 4 |
| 2. | കൊല്ലം | 3 | 3 |
| 3. | പത്തനംതിട്ട | 3 | 3 |
| 4. | ആലപ്പുഴ | 5 | 5 |
| 5. | കോട്ടയം | 1 | 1 |
| 6. | ഇടുക്കി | 4 | 4 |
| 7. | എറണാകുളം | 11 | 11 |
| 8. | തൃശ്ശൂർ | 6 | 6 |
| 9. | പാലക്കാട് | 4 | 4 |
| 10. | മലപ്പുറം | 2 | 2 |
| 11. | കോഴിക്കോട് | 7 | 7 |
| 12. | വയനാട് | 1 | 1 |
| 13. | കണ്ണൂർ | 6 | 6 |
| 14. | കാസറഗോഡ് | 3 | 3 |
| | **ആകെ** | **60** | **60** |

| നമ്പർ | ജില്ല | കോർപ്പറേഷനു കളുടെ എണ്ണം | രൂപീകരിച്ച BMC കളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 1 | 1 |
| 2. | കൊല്ലം | 1 | 1 |
| 3. | എറണാകുളം | 1 | 1 |
| 4. | തൃശ്ശൂർ | 1 | 1 |
| 5. | കോഴിക്കോട് | 1 | 1 |
| | **ആകെ** | **5** | **5** |




# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ

പ്രാദേശിക ജൈവവൈവിധ്യത്തിന്റെ ആധികാരിക രേഖയാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനപങ്കാളിത്തത്തോടെയാണ് ഇത് തയ്യാറാക്കുന്നത്. പ്രാദേശിക സമൂഹത്തിന്റെ സമ്മതത്തോടെയും സമ്പൂർണ്ണ പങ്കാളിത്തത്തോടെയും, ശാസ്ത്രജ്ഞർ, അധ്യാപകർ, സാങ്കേതിക വിദഗ്ധർ എന്നിവരുടെ സഹായത്തോടെയുമാണ് ഇതിന് രൂപം നൽകുന്നത്. പ്രാദേശിക സസ്യജന്തു വൈവിധ്യത്തോടൊപ്പം ആവാസവ്യവസ്ഥകളുടെ വൈവിധ്യവും, പരമ്പരാഗത അറിവുകളും ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നു. തയ്യാറാക്കിയ ജൈവവൈവിധ്യ രജിസ്റ്ററുകൾ സസ്യശാസ്ത്ര വിദഗ്ധരുടെ സഹായത്തോടെ അപഗ്രഥിക്കുകയും, ശാസ്ത്രനാമം ഉൾപ്പെടെ ചേർത്ത് സമ്പൂർണ്ണമാക്കുകയും ചെയ്തിട്ടുണ്ട്. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ മുന്നേറുകയാണ്. ഇതിലൂടെ ഡാറ്റകളുടെ ഡിജിറ്റൽ രൂപത്തിലുള്ള സംരക്ഷണം ഉറപ്പാക്കാനാവുന്നതിനോടൊപ്പം ഇവയുടെ അപഗ്രഥനവും എളുപ്പമാക്കാം.



**മാർച്ച് 2013 വരെ പൂർത്തീകരിച്ച പി.ബി.ആർ പരിശീലനങ്ങളുടെയും പി.ബി.ആറുകളുടെയും എണ്ണം**

| ക്രമ. നം. | ജില്ല | പി.ബി.ആർ രൂപീകരണത്തിന് പഞ്ചായത്തുതലത്തിൽ നടത്തിയ പരിശീലങ്ങളുടെ എണ്ണം | പി.ബി.ആർ രൂപീകരിച്ച പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 58 | 39 |
| 2. | കൊല്ലം | 52 | 36 |
| 3. | പത്തനംതിട്ട | 44 | 34 |
| 4. | ആലപ്പുഴ | 64 | 51 |
| 5. | കോട്ടയം | 47 | 35 |
| 6. | ഇടുക്കി | 45 | 34 |
| 7. | എറണാകുളം | 44 | 36 |
| 8. | തൃശ്ശൂർ | 66 | 54 |
| 9. | പാലക്കാട് | 48 | 36 |
| 10. | മലപ്പുറം | 56 | 39 |
| 11. | കോഴിക്കോട് | 41 | 34 |
| 12. | വയനാട് | 25 | 20 |
| 13. | കണ്ണൂർ | 52 | 33 |
| 14. | കാസറഗോഡ് | 38 | 23 |
| | **ആകെ** | **670** | **504** |



കേരള ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ലെ ചട്ടം 20(6) പ്രകാരം ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഏജൻസികൾ, ഗവൺമെന്റേതര സംഘടനകൾ എന്നിവയിലെ വിദഗ്ധരും അക്കാദമിക് വിദ്ഗ്ധരും ഉൾപ്പെടുന്ന 5 അംഗ ടെക്ക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് 14 ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ഈ സംഘങ്ങൾ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനുവേണ്ട സഹായം നൽകുന്നതിനോടൊപ്പം പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും നൽകുന്നു.

**വിവിധ ജില്ലകളിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങളുടെ എണ്ണം**

| നമ്പർ | ജില്ല | TSG അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 5 |
| 2. | കൊല്ലം | 5 |
| 3. | പത്തനംതിട്ട | 5 |
| 4. | ആലപ്പുഴ | 5 |
| 5. | കോട്ടയം | 5 |
| 6. | ഇടുക്കി | 5 |
| 7. | എറണാകുളം | 5 |
| 8. | തൃശ്ശൂർ | 5 |
| 9. | പാലക്കാട് | 5 |
| 10. | മലപ്പുറം | 5 |
| 11. | കോഴിക്കോട് | 5 |
| 12. | വയനാട് | 5 |
| 13. | കണ്ണൂർ | 5 |
| 14. | കാസറഗോഡ് | 5 |
| | **ആകെ** | **70** |

# ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ

## ജലജൈവവൈവിധ്യത്തിന്റെയും സമുദ്രജൈവവൈവിധ്യത്തിന്റെയും സംരക്ഷണം

### സമുദ്രജൈവവൈവിധ്യ രജിസ്റ്റർ

കേരളത്തിലെ സമുദ്രങ്ങൾ 5000-ത്തിലേറെ ജീവജാതികളാൽ സമ്പുഷ്ടമാണ്. ഈ വൈവിധ്യം പഠനവിധേയമാക്കി സമുദ്രജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി നിർവ്വഹണത്തിലാണ്. തിരുവനന്തപുരത്തെ വലിയതുറ മുതൽ പുതുക്കുറുച്ചി വരെയുള്ള 20 കി.മീ പ്രദേശത്തെ സമുദ്രത്തിൽ ഇതുമായി ബന്ധപ്പെട്ട് പഠനപ്രവർത്തനങ്ങൾ നടന്നുവരുന്നു. തീരപ്രദേശത്തെ പാരിസ്ഥിതിക പ്രാധാന്യമുള്ള പാറക്കെട്ടുകൾ, പവിഴപ്പുറ്റുകൾ, എന്നിവയിലെ ജൈവവൈവിധ്യവും സമുദ്രത്തിന്റെ അടിത്തട്ടിലെ ജൈവവൈവിധ്യവും, പ്രാദേശിക ജനവിഭാഗങ്ങളുടെ പരമ്പരാഗത വിജ്ഞാനവും, സമുദ്രത്തിലെ കാലാവസ്ഥാ പ്രതിഭാസങ്ങളും പഠനത്തിലുൾപ്പെടും. കൂടാതെ അമിതമായ മത്സ്യബന്ധനം, സമുദ്രസമ്പത്തുകളുടെ ശോഷണം എന്നിവ സംബന്ധിച്ച സൂചനകളും പഠനത്തിലൂടെ വെളിപ്പെടും.





### കടലാമകളുടെ സംരക്ഷണം

കാസർഗോഡ് ജില്ലയിലെ തൈക്കടപ്പുറം എന്ന തീരപ്രദേശത്ത് ലെതർബാക്ക്, ഹോക്സ്ബിൽ, ഒലിവ് റിഡ്‌ലി തുടങ്ങിയ കടലാമകൾ നിശ്ചിത സീസണിൽ മുട്ടയിട്ട് പെരുകാൻ ധാരാളമായി എത്താറുണ്ട്. എന്നാൽ തീരദേശത്തെ മണൽപ്പരപ്പുകളിൽ ഉണ്ടായ ശോഷണവും മറ്റും ഇവയുടെ പ്രജനനത്തെ ദോഷകരമായി ബാധിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കടലാമകളുടെ വരവിൽ ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. വിപുലമായ ബോധവത്കരണ സംരക്ഷണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ജൈവവൈവിധ്യ ബോർഡ് കടലാമ സംരക്ഷണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.






## പമ്പാനദിയിലെ ജൈവവൈവിധ്യ സംരക്ഷണം

പമ്പാനദിയിലെ ജൈവവൈവിധ്യം, വെള്ളത്തിന്റെ ഗുണനിലവാരം എന്നിവ സംബന്ധിച്ച പഠനം, പമ്പാനദിയിലെ ജൈവവൈവിധ്യ സംരക്ഷണം, പാരിസ്ഥിതിക സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് ഒരു പ്രവർത്തന രേഖയ്ക്ക് രൂപം നൽകുന്നതിനായി ബയോഡൈവേഴ്സിറ്റി ബോർഡിന്റെ ആഭിമുഖ്യത്തിൽ വിശദമായ പഠനവും തുടർ ചർച്ചകളും നടത്തുകയുണ്ടായി. ഇതിനെ ആധാരമാക്കി 8 പ്രവർത്തന മൊഡ്യൂളുകൾക്ക് രൂപം നൽകിയിട്ടുണ്ട്; അടിസ്ഥാന വിവരശേഖരണം, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, ജൈവവൈവിധ്യ സംരക്ഷണവും പാരിസ്ഥിതിക സംരക്ഷണവും, ജൈവസമ്പത്തുകളുടെ വിവേചനപൂർണ്ണമായ ഉപയോഗവും അവയിൽനിന്ന് ഉരുത്തിരിയുന്ന നേട്ടങ്ങളുടെ നീതിപൂർവ്വമായ പങ്കുവയ്ക്കലും. ഈ മൊഡ്യൂളുകൾ നടപ്പിലാക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ ആലപ്പുഴ, കോയിപ്രം, മാന്നാർ ജില്ലയിലെ പാണ്ടനാട് എന്നീ പഞ്ചായത്തുകളിൽ ഒരു പമ്പാനദി സംരക്ഷണ പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നുണ്ട്.

## പമ്പാ നദിയിലെ കബംമ്പ ഇനത്തിൽപ്പെട്ട പായലിന്റെ നിയന്ത്രണം

പമ്പാനദിയിലെ പല പ്രദേശങ്ങളിലും കബംമ്പ ഇനത്തിൽപ്പെട്ട പായൽ കടന്നുകയറി പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് വെള്ളത്തിന്റെ ഒഴുക്കിനെയും മറ്റ് ജീവികളുടെ വളർച്ചയെയും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നിരവധി ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയാണ് പമ്പാനദി എന്നതിനാൽ ഇവ ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതങ്ങൾ ദൂരവ്യാപകമായിരിക്കും. കബംമ്പയ്ക്ക് പുറമെ നാഗപ്പോള, മുത്തങ്ങ തുടങ്ങിയ കളകളുടെ ഉൻമൂലനത്തിനായും ബോർഡ് പദ്ധതി നടപ്പിലാക്കിവരുന്നു.

# പരമ്പരാഗത വിത്തിനങ്ങളുടെയും കന്നുകാലിയിനങ്ങളുടെയും സംരക്ഷണം



## വയനാട്ടിലെ നാടൻ കിഴങ്ങുവർഗ്ഗ വൈവിധ്യത്തിന്റെ സംരക്ഷണം

നാടൻ കിഴങ്ങുവർഗ്ഗങ്ങളാൽ ഏറെ സമ്പുഷ്ടമായ പ്രദേശമാണ് വയനാട്. ഇവിടെ നിരവധി ഇനം ചേന, കാച്ചിൽ, ചേമ്പ്, മധുരക്കിഴങ്ങ്, മരച്ചീനി, കൂവ എന്നിവ ആദിവാസി സമൂഹങ്ങൾ പരമ്പരാഗതമായി കൃഷി ചെയ്യുകയും ഭക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഇവയിൽ പലതും ഔഷധഗുണമുള്ളവയുമാണ്. എന്നാൽ ഈ കിഴങ്ങുവർഗ്ഗങ്ങളിൽ നല്ലൊരു ശതമാനവും വംശനാശഭീഷണി നേരിടുന്നു. ഈ ഇനങ്ങൾ ശേഖരിക്കുകയും ഇവയുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക ലക്ഷ്യമിട്ട് ഇടവക ഗ്രാമപഞ്ചായത്തിൽ ബോർഡ് ഒരു പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി നാടൻ കിഴങ്ങുവർഗ്ഗങ്ങളുടെ സംരക്ഷണവും കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികളും മുന്നേറുന്നുണ്ട്.

## വെച്ചൂർ, ചെറുവള്ളി പശുക്കളുടെ സംരക്ഷണം

ലോകത്തിലെ ഏറ്റവും ചെറിയ കന്നുകാലിയിനമായ വെച്ചൂർപശുക്കളുടെ സംരക്ഷണത്തിനായി ബോർഡ് പദ്ധതി നടപ്പാക്കി. കോട്ടയത്തെ നീണ്ടൂർ മൂഴിക്കുളങ്ങര വെച്ചൂർ കൗ ജേംപ്ലാസം സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും, ഈയിനത്തിന്റെ ബീജം സംരക്ഷിച്ച് കൃത്രിമബീജാദാനത്തിനായി കർഷകർക്ക് ലഭ്യമാക്കുകയും, അതുവഴി വെച്ചൂർപശുക്കളുടെ വ്യാപനം ഉറപ്പാക്കുകയുമായിരുന്നു പദ്ധതിയുടെ ലക്ഷ്യം. നാടൻ കന്നുകാലിയിനമായ ചെറുവള്ളി പശു ഇന്ന് ഏറെ അപൂർവ്വമാണ്. ഇതിന്റെ സംരക്ഷണവും വ്യാപനവും ലക്ഷ്യമിട്ട് ബോർഡ്, വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് വഴി ചെറുവള്ളി പശു സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു.



## ഹൈറേഞ്ച് ഡ്വാർഫ് പശുക്കളുടെ സംരക്ഷണം

പശ്ചിമഘട്ടത്തിൽ ജന്മം കൊണ്ട ഹൈറേഞ്ച് ഡ്വാർഫ് എന്ന നാടൻ കന്നുകാലിയിനം ഇപ്പോൾ വംശനാശ ഭീഷണിയിലാണ്. വനനശീകരണം, സങ്കര കന്നുകാലിയിനങ്ങളുടെ കടന്നുകയറ്റം എന്നിവയാണ് ഇതിനുള്ള പ്രധാന കാരണങ്ങൾ. പാലക്കാട് ജില്ലയിലുള്ള എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ ജൈവവൈവിധ്യ പരിപാലന സമിതിയുടെ ആഭിമുഖ്യത്തിൽ ഹൈറേഞ്ച് ഡ്വാർഫ് സംരക്ഷണ പദ്ധതി നടന്നുവരുന്നു.

# ആവാസവ്യവസ്ഥകളുടെ സംരക്ഷണം



## കണ്ടൽ ആവാസ വ്യവസ്ഥയുടെ സംരക്ഷണം

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിൽ കണ്ടൽക്കാടുകളുടെ സംരക്ഷണത്തോടൊപ്പം മത്സ്യവൈവിധ്യം പരിപോഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ജൈവവൈവിധ്യ പരിപാലന സമിതിയുടെ ആഭിമുഖ്യത്തിൽ പൊതുജന പങ്കാളിത്തത്തോടെ കോരപ്പുഴ അഴിമുഖം പ്രദേശത്ത് കണ്ടൽ സസ്യങ്ങൾ വച്ചുപിടിപ്പിച്ചു.





## നഗര ജൈവവൈവിധ്യ സംരക്ഷണം


നഗരങ്ങളിലെ അവശേഷിക്കുന്ന ജലാശയങ്ങൾ നിലനിൽക്കേണ്ടത് പാരിസ്ഥിതികമായി ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ഇതുമായി ബന്ധപ്പെട്ട ഒരു പദ്ധതിയുടെ പ്രഥമഘട്ടം ജൈവവൈവിധ്യ ബോർഡ് പൂർത്തീകരിച്ചു. തിരുവനന്തപുരം നഗരത്തിൽ മാലിന്യങ്ങൾ നിറഞ്ഞ് ഉപയോഗശൂന്യമായി കിടന്നിരുന്ന 7 കുളങ്ങൾ റസിഡൻഷ്യൽ അസോസിയേഷനുകളുടെ സഹായത്തോടെ ബോർഡ് ശുദ്ധീകരിച്ചു (പട്ടം മങ്ങന്നൂർ കുളം, എൻ.സി.സി. കുളം, തോപ്പിൽ കുളം, ചാടിയറ കുളം, വട്ടിയൂർകാവ്, പോങ്ങുംമൂട്, തുണ്ടത്തിൽ). തുടർന്ന് അവിടുത്തെ ജൈവവൈവിധ്യം പുനസ്ഥാപിക്കുന്നതിന് ഔഷോധധ്യോദ്യാനം, മരങ്ങളും സസ്യങ്ങളും വച്ചുപിടിപ്പിക്കൽ, ജലസസ്യങ്ങൾ, അലങ്കാര മത്സ്യങ്ങൾ എന്നിവ നിക്ഷേപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ ഭാഗമായി നഗരങ്ങളിലെ തെരഞ്ഞെടുത്ത മറ്റ് കുളങ്ങളും പുനരുജ്ജീവിപ്പിക്കുന്നതാണ്.

## ഉപയോശൂന്യമായ ക്വാറികളിലെ പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി

കേരളത്തിൽ നിരവധി ഉപയോഗശൂന്യമായ ക്വാറികൾ അപകടങ്ങൾക്കും മാലിന്യ നിക്ഷേപത്തിനുള്ള ഉപാധികളായി മാറുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഉപയോഗശൂന്യമായ ക്വാറികളെ പരിസ്ഥിതി സൗഹൃദപരമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും ഇവിടുങ്ങളിലെ പാരിസ്ഥിതിക വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് ബോർഡ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എറണാകുളത്തെ കാക്കനാട് പാലച്ചുവടിലുള്ള അമ്പലപ്പാറ ക്വാറിയിൽ, ബോർഡ് പൈലറ്റ് പദ്ധതി നടപ്പാക്കുകയാണ്. ഇത് ഒരു ജലസംഭരണ സംവിധാനമാക്കി മാറ്റും. ഇതിനായി ഭൂഗർഭജലത്തിന്റെ അളവ് കൂട്ടുംവിധമുള്ള മഴവെള്ള സംഭരണ സംവിധാനങ്ങൾ ഇവിടെ നടപ്പാക്കുന്നതാണ്. ഇതിൽ സംഭരിക്കുന്ന വെള്ളം, രൂക്ഷമായ ജലദൗർലഭ്യം അനുഭവിക്കുന്ന പ്രാദേശിക സമൂഹത്തിന് ഉപയോഗപ്പെടുത്തുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ക്വാറിക്കുചുറ്റും തദ്ദേശീയ സസ്യങ്ങളും മരങ്ങളും വച്ചുപിടിപ്പിക്കും. കാലക്രമേണ ഇവിടം നിരവധി പക്ഷികളുടെയും മറ്റ് ജീവജാലങ്ങളുടെയും ആവാസ കേന്ദ്രമായി മാറും എന്നാണ് പ്രതീക്ഷിക്കുന്നത്.









## ഏലമലക്കാടുകളുടെ ജൈവവൈവിധ്യ സംരക്ഷണം

ഇടുക്കി ജില്ലയിലെ ഉടുമ്പൻ ചോല താലൂക്കിലുൾപ്പെടുന്ന ഏഴ് പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് കാർഡമം ഹിൽ റിസർവ് . വിളയിനങ്ങളുടെയും നിരവധി വന്യജന്തുക്കളുടെയും അപൂർവ്വ ഓർക്കിഡുകളുടെയും മറ്റും ഈറ്റില്ലമായ ഈ ചോലവനങ്ങളും പുൽമേടുകളും സംരക്ഷിക്കുന്നതിനുള്ള പദ്ധതിക്ക് ബോർഡ് തുടക്കം കുറിച്ചിട്ടുണ്ട്. സമീപപ്രദേശങ്ങളിൽ ജൈവകൃഷി വിപുലമായി നടപ്പാക്കാനും ലക്ഷ്യമിടുന്നു.



## വനവൽകരണ പദ്ധതികൾ

ബോർഡ്, ഇടുക്കി ജില്ലയിലെ കരുണാപുരം പഞ്ചായത്തിൽ ആഗസ്റ്റ് 2012 ന് വനവൽകരണ പദ്ധതി നടപ്പിലാക്കി. എം.ജി.യൂണിവേഴ്സിറ്റി എൻ.എസ്. എസ്. വോളന്റിയർമാരുടെ സഹായത്തോടെ ഇരുപതിനായിരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.






## ശാന്തിസ്ഥൽ

വിദ്യാലയ വളപ്പുകളിൽ അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും ഒരു ജൈവോദ്യാനം (ശാന്തിസ്ഥൽ) സ്ഥാപിക്കുന്ന പദ്ധതി ബോർഡ് തുടങ്ങിയിട്ടുണ്ട്. നാടൻ സസ്യജന്തുക്കളുടെ ഒരു സംരക്ഷണ കേന്ദ്രമായി ശാന്തിസ്ഥൽ വർത്തിക്കും. പത്തൊൻപത് വിദ്യാലയങ്ങളിൽ ഇത് പ്രാവർത്തികമാക്കി കഴിഞ്ഞു. 2012–13 സാമ്പത്തിക വർഷത്തിൽ 19 സ്ഥാപനങ്ങളിൽ 7 ഏക്കറിലായി ശാന്തിസ്ഥലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിനായി ബോർഡ് സാമ്പത്തിക സഹായം നൽകി.





## ഇടമലക്കുടി ട്രൈബൽ പഞ്ചായത്തിലെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം

ഇടമലക്കുടി ഇടുക്കി ജില്ലയിലെ ട്രൈബൽ പഞ്ചായത്താണ്. 2,236 ആണ്. 106 ച.കി.മീ വ്യാപിച്ചു കിടക്കുന്ന ഇവിടുത്തെ ജനസംഖ്യ ബയോഡൈവേഴ്സിറ്റി ബോർഡ് മെമ്പർ സെക്രട്ടറി ഡോ. കെ.പി.ലാലാദാസിന്റെ നേതൃത്വത്തിലുള്ള 20 വിദഗ്ധരടങ്ങിയ സംഘം ഇവിടം സന്ദർശിച്ച് ജൈവവൈവിധ്യ രജിസ്റ്ററിനുള്ള വിവരങ്ങൾ ശേഖരിച്ചു. മരമഞ്ഞളുൾപ്പെടെയുള്ള അപൂർവ്വ ഔഷധ വൃക്ഷങ്ങൾ ഇവിടെ കാണുന്നുണ്ട്. പരിസ്ഥിതി സൗഹൃദമായി നിർമ്മിച്ച കുടിലുകളിൽ താമസിക്കുന്ന ആദിവാസികൾ പൂർണ്ണമായും കാടിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇവർ കുടിവെള്ള ക്ഷാമം, വൈദ്യുതിയുടെ ആഭാവം, ഇടനിലക്കാരുടെ ചൂഷണം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നു. ഇവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.



# ഔഷധസസ്യ സംരക്ഷണം



വയനാട് ജില്ലയിലെ വനങ്ങളിൽ നിന്നുള്ള ഔഷധസസ്യങ്ങളുടെയും സുഗന്ധസസ്യങ്ങളുടെയും ശേഖരണം ക്രമാതീതമായാൽ അത് ഇവയുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കും. വിവേചന പൂർണ്ണമായ ശേഖരണത്തിലൂടെയും ഒരു നിശ്ചിത പ്രദേശത്തുനിന്നുമുള്ള ഇവയുടെ അമിത ചൂഷണം ഒഴിവാക്കുന്നതിലൂടെയും ഔഷധ സസ്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് ബോർഡ് രൂപം നൽകി. ഈ മാനദണ്ഡങ്ങളുടെ പ്രായോഗികത മനസ്സിലാക്കുന്നതിനായി ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

## ജൈവകർഷകരെ സംബന്ധിച്ച വിവരശേഖരണം

കേരളം രാസകൃഷിയിൽ നിന്നും ജൈവകൃഷിയിലേക്ക് ക്രമേണ ചുവടുമാറുന്ന ഒരു കാലഘട്ടമാണിത്. ജൈവകൃഷി പരിസ്ഥിതി സൗഹൃദവും ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുന്നതുമാണ്. എന്നാൽ ഇതു സംബന്ധിച്ച് കാര്യമായ വിവരശേഖരണങ്ങളോ പഠനങ്ങളോ നടന്നിട്ടില്ല.  ബോർഡ്, കേരളത്തിലെ ജൈവകൃഷി തോട്ടങ്ങളുടെയും ജൈവകർഷകരെയും സംബന്ധിച്ച് ഒരു വിവരശേഖരണത്തിന് തുടക്കമിട്ടിട്ടുണ്ട്. ഇവരുടെ ജൈവകൃഷി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, പരിപാലന മുറകൾ, ജൈവകൃഷിയെ സംബന്ധിച്ച അറിവ്, വൈദഗ്ധ്യം, കാഴ്ചപ്പാട് തുടങ്ങിയവയൊക്കെ പഠനവിധേയമാക്കി വിവരശേഖരണത്തിൽ ഉൾപ്പെടുത്തും.

## ഔഷധ സസ്യങ്ങളുടെ ഡാറ്റാബേസ്

വയനാട് ജില്ലയിലുള്ള സുൽത്താൻബത്തേരിയിലെ ഔഷധസസ്യ വൈവിധ്യം ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണത്തിന്റെ ഭാഗമായി ശേഖരിച്ചിരുന്നു. ഭൗമശാസ്ത്ര ഉപാധികളുടെ സഹായത്താൽ ഈ ഔഷധസസ്യങ്ങളുടെ വനങ്ങളിലെ വിന്യാസം രേഖപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിക്ക് ബോർഡ് തുടക്കംകുറിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ഫോർ റീവൈറ്റലൈസേഷൻ ഫോർ ലോക്കൽ ഹെൽത്ത് ട്രെഡിഷൻസ്, ബാംഗ്ലൂർ യൂണിവേഴ്സിറ്റി, ഹൈദരാഹാദിലെ സെന്റർ ഓഫ് എർത്ത് ആന്റ് സ്പേയ്സ് സയൻസ് എന്നിവ ഈ പദ്ധതിയുമായി സഹകരിക്കുന്നു.








# പരിസ്ഥിതി പഠനം

## കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സ്

എല്ലാ വർഷങ്ങളിലും കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സ് ബോർഡ് സംഘടിപ്പിക്കാറുണ്ട്. കുട്ടികൾക്കിടയിൽ ജൈവവൈവിധ്യ സംരക്ഷണത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അവരെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാപ്തമാക്കുന്നതിനും വേണ്ടിയാണ് ഇത് നടത്തിവരുന്നത്. കുട്ടികളുടെ അഞ്ചാമത് പരിസ്ഥിതി കോൺഗ്രസ്സ്, നാഷണൽ ബയോ ഡൈവേഴ്സിറ്റി കോൺഗ്രസ്സിനോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ നെടുമുടി ഹരികുമാർ കോൺഗ്രസ്സ് ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ.ഉമ്മൻ വി.ഉമ്മൻ, മെമ്പർ സെക്രട്ടറി ഡോ. കെ.പി.ലാലാദാസ്, മുൻ ചെയർമാൻ ഡോ.ആർ.വി.വർമ്മ, ബോർഡ് അംഗമായ ഡോ.കെ.മോഹനക്കുറുപ്പ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുമുള്ള 30 സ്കൂളുകളിലെ 170 കുട്ടികൾ ഇതിൽ പങ്കെടുത്തു.

5th Children's Ecological Congress 2012

Kerala State Biodiversity Board











## ലോക പരിസ്ഥിതി ദിനാചരണം 2012

2012 ജൂൺ 5ന് ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ബോർഡ് ഒരു ബോധവൽക്കരണ സൈക്കിൾ റാലി സംഘടിപ്പിച്ചു. പരിസ്ഥിതി സൗഹൃദ ജീവിതം, ജൈവവൈവിധ്യ സംരക്ഷണം, ജൈവകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയായിരുന്നു റാലിയുടെ ലക്ഷ്യം. ഇരുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്ത റാലി മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. മുൻ ചെയർമാൻ ഡോ.ആർ.വി.വർമ്മ, മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസ് എന്നിവർ പങ്കെടുത്തു.






## ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ

ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ പുതുതലമുറയെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി കോളേജുകളിലും ഹയർ സെക്കന്ററി സ്കൂളികളിലും ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ രൂപീകരിച്ചു. വിദ്യാലയ വളപ്പുകളിൽ ജൈവവൈവിധ്യ പാർക്കുകൾ (ശാന്തിസ്ഥൽ) സ്ഥാപിക്കാനും, ചെടികളും മറ്റും നട്ടുപിടിപ്പിക്കാനും അവ പരിപാലിക്കാനും, ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഈ ക്ലബ്ബുകൾ മുൻകൈയെടുത്ത് പ്രവർത്തിക്കുന്നു.



## ജൈവവൈവിധ്യ ശിൽപശാലകൾ

മാതൃഭൂമി സീഡ് പദ്ധതിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ശിൽപശാലയിൽ ബയോഡൈവേഴ്സിറ്റി ബോർഡ്, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട സെമിനാർ നടത്തുകയുണ്ടായി. ഡോ.പി.കെ.ഉണ്ണികൃഷ്ണപിള്ള (പ്രിൻസിപ്പൽ സയിന്റിഫിക് ഓഫീസർ), ജി.എസ്.ഉണ്ണികൃഷ്ണൻ (സയിന്റിഫിക് ഓഫീസർ) എന്നിവർ യഥാക്രമം പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം, കാർഷിക ജൈവവൈവിധ്യം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. ക്വിസ് പരിപാടിയും, ഡോക്യുമെന്ററി പ്രദർശനവും ഇതിന്റെ ഭാഗമായി നടന്നു.

## അന്തർദേശീയ ജൈവവൈവിധ്യ ദിനാചരണം 2012

ഐക്യരാഷ്ട്രസഭ, 2012 ലെ അന്തർദേശീയ ജൈവവൈവിധ്യ ദിനാചരണത്തിന്റെ വിഷയമായി തിരഞ്ഞെടുത്തത് സമുദ്ര ജൈവവൈവിധ്യമാണ്. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈ വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിലെ 9 തീരദേശ ജില്ലകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. വിദഗ്ധരുടെ ക്ലാസ്സുകൾ ഇതിനോടനുബന്ധിച്ച് നടക്കുകയുണ്ടായി. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ആഭ്യന്തര മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിക്കുകയുണ്ടായി. വികസനം പരിസ്ഥിതി സൗഹൃദപരമായിരിക്കണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.












# ജൈവവൈവിധ്യ പ്രദർശനങ്ങൾ

## ഐക്യരാഷ്ട്ര സഭയുടെ 11–ാമത് കോൺഫറൻസ് ഓഫ് പാർട്ടീസ്, ഹൈദരാബാദ്

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട സമ്മേളനമായ ഐക്യരാഷ്ട്ര സഭയുടെ ''കോൺഫറൻസ് ഓഫ് പാർട്ടീസ്'', ഹൈദരാബാദിൽ 2012 ഒക്ടോബർ മാസത്തിൽ നടന്നു. കേരള ബയോ ഡൈവേഴ്സിറ്റി ബോർഡിൽ നിന്നും ചെയർമാനും മെമ്പർ സെക്രട്ടറിയും ഇതിൽ പങ്കെടുത്തു. കേരളത്തിന്റെ സമ്പുഷ്ടമായ ജൈവവൈവിധ്യം വെളിപ്പെടുത്തുന്ന പാനലുകൾ,







കാർഷിക ജൈവവൈവിധ്യം വെളിപ്പെടുത്തുന്ന വിത്തുകൾ, പാരമ്പര്യ കരകൗശല വസ്തുക്കൾ, ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ ഇംഗ്ലീഷ് രൂപാന്തരണം എന്നിവയുടെ പ്രദർശനവും, ഇതുമായി ബന്ധപ്പെട്ട ലഘുലേഖകളുടെയും മറ്റും വിതരണവും ഈ എക്സ്ബിഷനിലെ കേരള പവിലിയനെ ഏറെ ശ്രദ്ധേയമാക്കി. സന്ദർശകരിൽ നിന്നും ഡെലിഗേറ്റുകളിൽ നിന്നും വളരെ മികച്ച പ്രതികരണമാണ് പവിലിയന് ലഭിച്ചത്.





## നാഷണൽ ബയോഡൈവേഴ്സിറ്റി എക്സ്പോ





നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സിനോടനുബന്ധിച്ച് കനകക്കുന്ന് കൊട്ടാര വളപ്പിൽ വിപുലമായ ഒരു ജൈവ വൈവിധ്യ പ്രദർശനം ബോർഡ് നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിച്ചു. ഡിസംബർ 22 ന് ബഹു.ആഭ്യന്തര മന്ത്രി തിരുവഞ്ചിയൂർ രാധാകൃഷ്ണൻ മേള ഉദ്ഘാടനം ചെയ്തു. ആരോഗ്യ മന്ത്രി വി.എസ്.ശിവകുമാർ അധ്യക്ഷനായിരുന്നു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ.ഉമ്മൻ വി.ഉമ്മൻ, മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസ്, ബോർഡ് മെമ്പർ കെ.ജി.ശ്രീകുമാർ എന്നിവർ പങ്കെടുത്തു. മുന്നൂറോളംപേർ ഉദ്ഘാടന സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ഡിസംബർ 21 മുതൽ 30 വരെ നടന്ന എക്സ്പോയിൽ കേന്ദ്ര, കേരള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരേതര സംഘടനകൾ എന്നിവയുടേതുൾപ്പെടെ ഇരുന്നൂറോളം പവിലിയനുകളാണ് അണിനിരന്നത്. ഇതിനോടനുബന്ധിച്ച് നാടൻ ഭക്ഷ്യമേള, നാടൻ കലാരൂപങ്ങളുടെ പ്രദർശനം എന്നിവയും അരങ്ങേറി. നാൽപതിനായിരത്തോളം പേരാണ് പ്രദർശനം കാണാനെത്തിയത്. മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉൾപ്പെടെ നിരവധി പ്രമുഖ വ്യക്തികളും പവിലിയൻ സന്ദർശിച്ചു. കേരളത്തിൽ ഇതാദ്യമായി നാഷണൽ മ്യൂസിയം ഓഫ് നാച്ച്വറൽ ഹിസ്റ്ററിയുടെ ബിൽറ്റ് ഇൻ പ്രദർശനം എക്സ്പോയുടെ ഭാഗമാക്കാൻ കഴിഞ്ഞു.

## നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സ്

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സമ്മേളനമായ 'നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സ്' തിരുവനന്തപുരത്തെ കനകക്കുന്ന് കൊട്ടാരത്തിൽ 2012 ഡിസംബർ 21 മുതൽ 30 വരെ നടന്നു. ദേശീയ ജൈവവൈവിധ്യ അതോറിറ്റി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, മറ്റ് സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ എന്നിവ സംയുക്തമായാണ് കോൺഗ്രസ്സിന്റെ സംഘാടനം നിർവ്വഹിച്ചത്.












## നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഫറൻസ്

കോൺഗ്രസ്സിനോടനുബന്ധിച്ചുള്ള നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഫറൻസിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി ശശി തരൂർ നിർവ്വഹിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ പ്രിൻസിപ്പൽ സയിന്റിഫിക് അഡ്വൈസർ ഡോ. ആർ ചിദംബരം മുഖ്യപ്രഭാഷണം നടത്തുകയും, പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് ഡോ.സാം പിത്രോഡ വീഡിയോ കോൺഫറൻസിങ്ങിലൂടെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കുവേണ്ട പിന്തുണ നൽകുന്നതിനായി ഒരു നാഷണൽ ബയോഡൈവേഴ്സിറ്റി ഗ്രിഡ് രൂപീകരിക്കുന്ന കാര്യം ഡോ.ചിദംബരം പ്രഖ്യാപിക്കുകയുണ്ടായി. കൂടാതെ ഭാരതത്തിലെ ജൈവവൈവിധ്യം സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു ഏകജാല സംവിധാനം (Biodiversity Information and Data Management Future Road Map) രൂപപ്പെടുത്തുന്നത് ഉൾപ്പെടെ നിരവധി ശിപാർശകൾ നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഫറൻസിൽ ഉയരുകയുണ്ടായി.

നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സിനോടനുബന്ധിച്ച് നടന്ന കോൺഫറൻസിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി, വിവിധ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, 260 ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുക്കുകയുണ്ടായി. ജൈവവൈവിധ്യ സംരക്ഷണം, ജൈവസമ്പത്തുകളുടെ വിവേചനപൂർണ്ണമായ ഉപയോഗം, പരമ്പരാഗത വിജ്ഞാനത്തിന്റെ സംരക്ഷണം തുടങ്ങി പല വിഷയങ്ങളിലായി സയന്റിഫിക് സെഷനുകൾ നടന്നു. കോൺഗ്രസ്സിനോടനുബന്ധിച്ച് 20 സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളുടെ സമ്മേളനവും നടക്കുകയുണ്ടായി. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മുൻനിരയിലുള്ള പ്രവർത്തനത്തെ നാഷണൽ ബയഡൈവേഴ്സിറ്റി അതോറിറ്റിയും മറ്റ് ബോർഡുകളും അഭിനന്ദിച്ചു. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, ജൈവവൈവിധ്യ പരിപാലന സമിതികളുടെ ശാക്തീകരണം, ജൈവവൈവിധ്യ ചട്ടങ്ങളുടെയും നിയമങ്ങളുടെയും നടപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനത്തിൽ ചർച്ച നടന്നു.




















## ഹരിത സംഗമം (2012 ഡിസംബർ 22)

പരിസ്ഥിതി സംരക്ഷകർ, പരിസ്ഥിതി സൗഹൃദകൃഷി അനുവർത്തിക്കുന്ന കർഷകർ, നാടൻ കന്നുകാലിയിനങ്ങളുടെയും വിളയിനങ്ങളുടെയും സംരക്ഷകർ, പാരമ്പര്യ ചികിത്സകർ തുടങ്ങിയവരുടെ ഒരു ഹരിത സംഗമം നടക്കുകയുണ്ടായി. 130 പേർ ഇതിൽ പങ്കെടുക്കുകയും തങ്ങളുടെ അറിവുകൾ പങ്കുവയ്ക്കുകയും ചെയ്തു. പ്രമുഖ സസ്യശാസ്ത്രജ്ഞനായ ഡോ.പി.പുഷ്പാംഗദൻ സംഗമം ഉദ്ഘാടനം ചെയ്തു. മുൻ കൃഷി ഡയറക്ടർ ആർ. ഹേലി മോഡറേറ്ററായിരുന്നു.

## ജൈവവൈവിധ്യ പരിപാലന സമിതികളുടെയും പരിസ്ഥിതി സംഘടനകളുടെയും സംഗമം (2012 ഡിസംബർ 26)

ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെയും ജൈവവൈവിധ്യ പരിപാലന സമിതികളുടെയും സംഗമം തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ഡോ.എം.കെ.മുനീർ ഉദ്ഘാടനം ചെയ്തു. കേരളംപോലെ മനുഷ്യ വിഭവ സൂചികയിൽ നോർവേയ്ക്ക് തൊട്ട്താഴെ നിൽക്കുന്ന സംസ്ഥാനത്തെ സംബന്ധിച്ച് പ്രകൃതി സരക്ഷണം എന്നത് വളരെ പ്രാധാന്യമർഹിക്കുന്നതും ഒഴിവാക്കാനാവാത്തതുമായ മേഖലയാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. സംഗമത്തിൽ ജൈവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവരുകയുണ്ടായി. ജൈവവൈവിധ്യ പരിപാലന സമിതികളെ പ്രതിനിധീകരിച്ച് ഇരുന്നൂറോളം പേർ ഇതിൽ പങ്കെടുത്തു.

## ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ – ത്രിദിന ശിൽപശാല

ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുമായി ബന്ധപ്പെട്ട ഒരു ത്രിദിന ശിൽപശാല തൃശൂർ പീച്ചിയിലുള്ള കെ.എഫ്.ആർ.ഐ യിൽ ഫെബ്രുവരി 28 മുതൽ മാർച്ച് 2 വരെ നടന്നു. എല്ലാ പ്രൊജക്ട് ഫെലോകളും ജില്ലാ കോർഡിനേറ്റർമാരും ഇതിൽ പങ്കെടുത്തു. യു.എൻ.ഡി.പി., എൻ.ബി.എ.പ്രതിനിധി ഡോ.രവിശങ്കർ തുപാലി പങ്കെടുത്തു. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സർക്കാർ വകുപ്പുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ഇതിലുള്ള പങ്ക്, ഈ രജിസ്റ്ററുകളുടെ പ്രാധാന്യം എന്നിവ സംബന്ധിച്ച് ഡോ.തുപാലി ക്ലാസ്സുകളെടുത്തു. ബയോഡൈവേഴ്സിറ്റി ബോർഡ് മുൻ ചെയർമാൻ ഡോ. ആർ.വി.വർമ്മ പരമ്പരാഗത അറിവുകളുടെ ക്രോഡീകരണവുമായി ബന്ധപ്പെട്ട് ക്ലാസ്സെടുത്തു.

## പശ്ചിമഘട്ട വിദഗ്ധ സമിതി റിപ്പോർട്ട് സംബന്ധിച്ച ചർച്ച

പശ്ചിമഘട്ട വിദഗ്ധ സമിതി റിപ്പോർട്ട് സംബന്ധിച്ച ചർച്ച മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. റിപ്പോർട്ടിലെ കേരളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചാവിധേയമായി.






## ഇൻടാഞ്ചിബിൾ നാച്യുറൽ ഹെറിട്ടേജ് ശിൽപശാല

സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, നാഷണൽ മ്യൂസിയം ഓഫ് നാച്യുറൽ ഹിസ്റ്ററി, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്പ്മെന്റ്, ജെ.എൻ.ടി.ബി.ജി.ആർ.ഐ എന്നിവയുമായി ചേർന്ന് ഇൻടാഞ്ചിബിൾ നാച്യുറൽ ഹെറിട്ടേജ് എന്ന വിഷയത്തിൽ 2012 മാർച്ച് 9 മുതൽ 11 വരെ ഒരു ശിൽപശാല നടത്തി. മലയാളം സർവ്വകലാശാല വൈസ് ചാൻസിലർ കെ.ജയകുമാർ ഉദ്ഘാടനം ചെയ്തു. ബോർഡ് ചെയർമാൻ ഡോ.ഉമ്മൻ വി ഉമ്മൻ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് വിഷയാവതരണം നടത്തി. ശിൽപശാലയുടെ രണ്ടാം ദിവസം പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ.ജസ്റ്റിൻ മനോഹർ രാജിന്റെ നേതൃത്വത്തിൽ ശിൽപശാലാപ്രതിനിധികൾ കാണിക്കാരുടെ ഊര് സന്ദർശിക്കുകയും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.








# ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും

- ടെകിനിക്കൽ സപ്പോർട്ട് ഗ്രൂപ്പുകളുടെയും ജില്ലാ കോർഡിനേറ്റർമാരുടെയും പ്രോജക്ട് ഫെല്ലോമാരുടെയും യോഗങ്ങൾ സോണടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, ജൈവവൈവിധ്യ സംരക്ഷണത്തിൽ ടെകിനിക്കൽ സപ്പോർട്ട് ഗ്രൂപ്പുകളുടെ പങ്ക് എന്നീ വിഷയങ്ങളിൽ ചർച്ച നടത്തി.













- ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് 174 പഞ്ചായത്തുകളിൽ 2012-13 വർഷത്തിൽ പരിശീലന പരിപാടി നടത്തി.

- ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ ക്രോഡീകരണം സംബന്ധിച്ച് ബോർഡ് ഓഫീസിൽ വച്ച് 12.03.2013 ന് ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. മെമ്പർ സെക്രട്ടറി ഡോ.കെ.പി. ലാലാദാസ്, പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ.ജസ്റ്റിൻ മനോഹർ രാജ്, പ്രോജക്ട് അസോസിയേറ്റ് എൻബി.മിത്രാംബിക എന്നിവർ ക്ലാസുകൾ എടുത്തു.

- പമ്പാ നദിയുടെ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കെ.എസ്.ബി.ബി. ചെയർമാൻ ഡോ.ഉമ്മൻ വി ഉമ്മന്റെ നേതൃത്വത്തിൽ 30.01.2013 ൻ ഒരു യോഗം നടന്നു. പമ്പാ നദിയുടെ ജൈവ വൈവിധ്യത്തിനുണ്ടാകുന്ന വൻതോതിലുള്ള ശോഷണം, മണൽ ഖനനം, ആവാസ വ്യവസ്ഥകുടെ നശീകരണം തുടങ്ങിയവ ചർച്ചാ വിധേയമായി. പമ്പാനദിയുടെ ജൈവവൈവിധ്യം വീണ്ടെടുക്കുന്നതിനും പരിസ്ഥിതി ശോഷണം സംബന്ധിച്ച് അവബോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള തന്ത്രങ്ങൾക്ക് രൂപം നൽകി.

- പരിസ്ഥിതി പത്രപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി കൊല്ലം ജില്ലയിലെ മാധ്യമപ്രവർത്തകർക്ക് ഒരു ശിൽപശാല നടത്തി.

# ഹരിത പുരസ്കാരങ്ങൾ

2012 കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്, ജൈവവൈവിധ്യ സംരക്ഷണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾ, പരിസ്ഥിതി സംഘടനകൾ, വിദ്യാലയങ്ങൾ, മാധ്യമ പ്രവർത്തകർ എന്നിവയ്ക്കുള്ള 2012 ലെ ഹരിത പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു. ആഗോള ജൈവവൈവിധ്യ ദിനമായ 2013 മേയ് 22 ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, തിരുവനന്തപുരം കനകകുന്ന് കൊട്ടാരത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്തു. അൻപതിനായിരം രൂപ, ഫലകം, പ്രശസ്തി പത്രം എന്നിവയാണ് അവാർഡായി നൽകിയത്. ഹരിത വ്യക്തികൾക്കുള്ള അവാർഡിൽ മികച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിന് കായംകുളം കൊല്ലയ്ക്കൽ വീട്ടിൽ ജി. ദേവകി അമ്മ തിരഞ്ഞെടുക്കപ്പെട്ടു. നാലര ഏക്കറിൽ വനവൃക്ഷങ്ങളും, അപൂർവ്വ ഔഷധ സസ്യങ്ങളും ഉൾപ്പെടെ 600 ഓളം ഇനം ചെടികൾ നട്ടു വളർത്തി സംരക്ഷിക്കുന്ന വ്യക്തിയാണ് ദേവകി അമ്മ.

ഇതേ വിഭാഗത്തിൽ തിരുവനന്തപുരം മുരുക്കുംപുഴ സ്വദേശി എം.എം. സഫീറും തിരഞ്ഞെടുക്കപ്പെട്ടു. 3 ഏക്കറോളം ഭൂമിയിൽ ഒട്ടേറെ അപൂർവ്വ സസ്യങ്ങളും വൃക്ഷങ്ങളും നട്ട് പരിപാലിക്കുന്ന വ്യക്തിയാണ് സഫീർ.

ഹരിത വ്യക്തി വിഭാഗത്തിൽ നാടൻ വിത്തിനങ്ങളുടെ സംരക്ഷണത്തിനുള്ള അവാർഡിന് വയനാട് സ്വദേശി ചെറുവയൽ രാമനെ തിരഞ്ഞെടുത്തു. 47 വയനാടൻ നെല്ലിനങ്ങൾ കൃഷി ചെയ്തു സംരക്ഷിക്കുന്ന വ്യക്തിയാണ് ചെറുവയൽ രാമൻ. ഹരിത വ്യക്തി വിഭാഗത്തിൽ നാടൻ


















കന്നുകാലിയിനങ്ങൾ സംരക്ഷിക്കുന്നവർക്കുള്ള അവാർഡിന് തൃശൂർ വേമ്പല്ലൂർ സ്വദേശി എൻ.എ. ചന്ദ്രനെ (ചന്ദ്രൻ മാസ്റ്റർ) ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. 16 ഇനം നാടൻ പശുക്കളെ സ്വന്തം വീട്ടുവളപ്പിൽ വളർത്തി സംരക്ഷിക്കുന്ന വ്യക്തിയാണ് ചന്ദ്രൻ മാസ്റ്റർ.

ഹരിത വ്യക്തി വിഭാഗത്തിൽ ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്ന വ്യക്തികൾക്കുള്ള പുരസ്ക്കാരത്തിന് കൊല്ലം, കരുനാഗപ്പള്ളി സ്വദേശി കെ. നരേന്ദ്രൻ അർഹനായി. സ്വന്തം വീട്ടുവളപ്പിൽ ആയിരത്തിൽപരം അപൂർവ്വ ഔഷധികൾ നട്ടു പിടിപ്പിച്ച് സംരക്ഷികുകയാണ് നരേന്ദ്രൻ.

ഹരിത വ്യക്തി വിഭാഗത്തിൽ പരമ്പരാഗത നാട്ടറിവുകൾ, നാട്ടു വൈദ്യം എന്നിവയുടെ സംരക്ഷകർക്കുള്ള അവാർഡിന് കണ്ണൂർ ആലക്കോട് സ്വദേശി സെബാസ്റ്റ്യൻ വൈദ്യരെ തിരഞ്ഞെടുത്തു. പരമ്പരാഗത രീതിയിൽ അസ്ഥി രോഗ ചികിത്സ ചെയ്യുന്ന വ്യക്തിയാണ് സെബാസ്റ്റ്യൻ വൈദ്യർ.

ഹരിത സ്ഥാപനത്തിനുള്ള അവാർഡിനായി പമ്പ പരിരക്ഷണ സമിതിയെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പമ്പയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന സംഘടനയാണ് പമ്പ പരിരക്ഷണ സമിതി; പ്രസിഡന്റ് പ്രൊഫ. ടി. എൻ. രാമകൃഷ്ണ കുറുപ്പ്, സെക്രട്ടറി എൻ.കെ. സുകുമാരൻ നായർ.

മികച്ച ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഹരിത വിദ്യാലയത്തിനുള്ള പുരസ്ക്കാരത്തിന് കാസർകോട്ടെ പീലിക്കോടുള്ള സി.കെ.എൻ.എസ്. ജി.എച്ച്. എസ്.എസ്. നെ തിരഞ്ഞെടുത്തു. സാമൂഹ്യവനവൽക്കരണം, കണ്ടൽ ചെടികളുടെ നടീൽ, കൃഷി, കാവു സംരക്ഷണം, ഔഷധസസ്യ സംരക്ഷണം തുടങ്ങി ഒട്ടേറെ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന വിദ്യാലയമാണിത്.

മികച്ച ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഹരിത കോളേജിനുള്ള പുരസ്ക്കാരത്തിന് കാസർകോട് ഗവ. കോളേജിനെ തിരഞ്ഞെടുത്തു. ജൈവവൈവിധ്യ പാർക്ക്, ചിത്രശലഭ പാർക്ക്, ജലസസ്യങ്ങളുടെ സംരക്ഷണം, ഔഷധ സസ്യ സംരക്ഷണം തുടങ്ങി, ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന കോളേജാണിത്.

മികച്ച ഹരിത മലയാളം പത്രപ്രവർത്തകനുള്ള പുരസ്ക്കാരം മാതൃഭൂമി പത്തനംതിട്ട, ചീഫ് കറസ്പോണ്ടന്റായ പി.കെ. ജയചന്ദ്രന് ലഭിച്ചു. മികച്ച ഹരിത ഇലക്ട്രോണിക്ക് മാധ്യമ പ്രവർത്തകനുള്ള പുരസ്ക്കാരം ഇന്ത്യാവിഷനിൽ സംപ്രേഷണം ചെയ്യുന്ന 'ദി ഗ്രീൻ റിപ്പോർട്ടിന്റെ' സംവിധായകനായ സാജ് കുര്യനാണ് ലഭിച്ചത്.

## ഫോട്ടോഗ്രാഫി മത്സരം

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഡിസംബർ 21 മുതൽ 30 വരെ നടത്തിയ നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സിന്റെ ഭാഗമായി 'മലയാളക്കരയിലെ ജൈവവൈവിധ്യം' എന്ന വിഷയത്തിൽ ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിച്ചു. 279 എൻട്രികൾ ലഭിച്ചു. ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

ഒന്നാം സമ്മാനമായ 15001 രൂപയ്ക്കും ഫലകത്തിനും പ്രശസ്തി പത്രത്തിനും ഇടുക്കി കുന്തലംപാറയിലെ ഉല്ലാസ്.ജി.കളപ്പുര അർഹനായി. രണ്ടാം സമ്മാനമായ 10001 രൂപയും ഫലകവും പ്രശസ്തി പത്രവും കോട്ടയം തോട്ടപ്പള്ളിൽ ഹൗസിലെ ജോബി മോൻ കരസ്ഥമാക്കി. മൂന്നാം സമ്മാനമായ 5001 രൂപയും പ്രശംസാപത്രവും ഫലകവും പത്തനംതിട്ടയിലെ വിളിവിനാൽ ബെന്നി അജന്ത നേടി.

ബി.എസ്.ബിജു, കടവൂർ, കൊല്ലം, രാജൻ കുട്ടൂർ, കുട്ടൂർ പി.ഒ, തൃശ്ശൂർ, സലിം.പിച്ചൻ, കൽപ്പറ്റ, വയനാട്, ബാബു തോമസ്, രാജാക്കാട്, ഇടുക്കി, ടി.കാർത്തിക, പുലയനാർ കോട്ട, തിരുവനന്തപുരം, പ്രകാശ് തച്ചക്കുടി, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം, എം.ഡി.ബിജുലാൽ, കാഞ്ഞിരംകുളം, തിരുവനന്തപുരം, ദേവദാസ്, ഉള്ളൂർ, തിരുവനന്തപുരം, റ്റി.അനിൽകുമാർ, ഇടപ്പള്ളി, കൊച്ചി, പി.കരുണാകരൻ, ഗോൾഫ് ലിങ്ക്സ് റോഡ്, തിരുവനന്തപുരം എന്നിവർ പ്രോൽസാഹന സമ്മാനത്തിനർഹരായി.

പ്രശസ്ത ഫോട്ടോഗ്രാഫർമാരായ ബാലൻ മാധവൻ, സുരേഷ് ഇളമൺ, ബി.എസ്.പ്രസന്നൻ തുടങ്ങിയവർ അടങ്ങുന്ന അവാർഡ് നിർണയ കമ്മിറ്റിയാണ് വിജയികളെ തെരഞ്ഞെടുത്തത്.

## ജൈവവൈവിധ്യ ബോർഡ് പ്രസിദ്ധീകരണങ്ങളും ഡോക്യുമെന്ററികളും

- **പുസ്തകങ്ങൾ:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന, കേരളത്തിലെ സസ്യജന്തു ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട 11 കൈപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഉഭയജീവികൾ, കണ്ടൽ സസ്യങ്ങൾ, കൂണുകൾ, ചിത്രശലഭങ്ങൾ, ഔഷധ സസ്യങ്ങൾ, കടൽജീവികൾ, അധിനിവേശ സസ്യങ്ങൾ, വൃക്ഷങ്ങൾ, ഗ്യാസ്ട്രോപോഡുകൾ, ശുദ്ധജല മത്സ്യങ്ങൾ, ജൈവകൃഷി എന്നിങ്ങനെ വ്യത്യസ്തമായ വിഷയങ്ങൾ ആസ്പദമാക്കിയാണ് പുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

- **ഡോക്യുമെന്ററികൾ:** അട്ടപ്പാടിയിലെ തനതായ ആടിനമായ അട്ടപ്പാടി ബ്ലാക്ക് ഗോട്ടിനെക്കുറിച്ചു ബോർഡ് ഡോക്യുമെന്ററി തയ്യാറാക്കി ഏഷ്യാനെറ്റ് ന്യൂസ് ചാനൽ വഴി സംപ്രേഷണം ചെയ്തു. കൂടാതെ വയനാട് ജില്ലയിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

- **പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി റിപ്പോർട്ട്- കേരളത്തിന് പ്രസക്തമായ ഭാഗങ്ങൾ:** പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി റിപ്പോർട്ടിലെ കേരളവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ സാമാന്യ ജനങ്ങൾക്ക് മനസ്സിലാകും വിധം ലളിതമായി ഗ്രന്ഥരൂപത്തിൽ തയ്യാറാക്കുകയുണ്ടായി. ഇത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൗജന്യമായി അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ ഈ റിപ്പോർട്ടിനെക്കുറിച്ച് വിശദമായി പരാമർശിക്കുന്ന 2 ഗ്രന്ഥങ്ങളും മലയാളത്തിലും ഇംഗ്ലീഷിലും പുറത്തിറക്കുകയുണ്ടായി.

- **ഗ്രീൻ ലൈഫ് വാർത്താ പത്രിക:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർത്താ പത്രികയായ ഗ്രീൻ ലൈഫിന്റെ 2 എഡിഷനുകൾ റിപ്പോർട്ട് വർഷത്തിൽ പ്രസിദ്ധീകരിച്ചു. ജൈവൈവവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വാർത്തകൾ, വിജയ കഥകൾ , ബോർഡിന്റെ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്കുള്ള പംക്തികൾ എന്നിവയൊക്കെ വാർത്താ പത്രികയിൽ ഉൾപ്പെടുത്തുന്നുണ്ട്.

- **ലഘുലേഖകൾ:** സംസ്ഥാന ജൈവൈവിധ്യ ബോർഡിന്റെ പ്രവർത്തനം, നാടൻ കന്നുകാലിയിനങ്ങൾ, നാടൻ കോഴിയിനങ്ങൾ, ആടിനങ്ങൾ, നാടൻ നെല്ലിനങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയും കാർബൺ ആവാഹനം നടത്തുന്ന ആവാസവ്യവസ്ഥകളെക്കുറിച്ചും ലഘുലേഖകൾ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

# ജനപ്രിയ ശാസ്ത്ര ലേഖനങ്ങൾ

1) WGEEP Report Needs Review (2012), Oommen V Oommen and Laladhas K P December, Kerala Calling, pp16-18.

2) " Avakashangal Hanikkilla, Karshakare Pankalikalakkum" (2012) Interview with Dr. Oommen V Oommen, Karshakan, October, pp 10-15.

3) Dheseeya Jaiva Vividhya Congress 2012 review- Oommen V Oommen, K P Laladhas Yojana ( Govt. of India ) 2013 (41) pp 50-52.

4) Protective effect of dietary curcumin in Anabas testudineus (Bloch) with a special note on DNA fragmentation assay on hepatocytes and micronucleus assay on erythrocytes in vivo (2013) – M Manju, A S Vijayasree, M A Akbarsha, Oommen V Oommen, Fish Physiol Biochem, 21 March.

5) Identification, purification and characterization of two novel cyclic peptides from Clitoria ternatea (2012), K P Laladhas, Vishnuraj, P Balaram , S Sudarslal , National Biodiversity Congress, Dec 27-30.

6) Multifariousness in the structure and fabrication of 'KOODU' – A Traditional Fish Trap of Kerala (2013), C P Shaji, K P Laladhas.

7) Monsoon flood plain fishery and traditional fishing methods in Thrissur district, Kerala (2013), C P Shaji, K P Laladhas Ind J. Traditional knowledge, 12(1) pp 102-108.

8) Writing Science for the children of New Era (2012), G S Unnikrishnan Nair, Effective Science Writing-CSIR, North East Institute of Science and Technology, Jorhat.

9) The dews from Heaven (2012), G S Unnikrishnan Nair, Indian Coconut Journal, Kerala Calling, April.

10) Farmville in Real World (2012), G S Unnikrishnan Nair, The Hindu-Metro, 11-10-2012.

11) Harvest Time (2012), G S Unnikrishnan Nair, The Hindu-Metro, 23-8-2012.

12) A Green Village Dream (2012), G S Unnikrishnan Nair, Kerala Calling, December.

13) Pesticide from Tapioca (2012), G S Unnikrishnan Nair, Science Reporter-February.

# വിദഗ്ധ കമ്മിറ്റികളിലെയും സംരംഭങ്ങളിലെയും പ്രാതിനിധ്യം

## KSBB Representation in Expert Committees

**Dr. Oommen V Oommen , Chairman, KSBB**

1. Vice chairman of State Expert Appraisal Committee (SCAC).
2. State Level Committee on Conservation of Water resources.
3. Expert Committee on Curriculum revision (SCERT), Kerala.
4. Research Committee-Department of Environment and Climate Change (DOECC).
5. State Level Committee of Paddy and Wetland Conservation.
6. Task force on Biodiversity Management Committee, National Biodiversity Authority, Chennai
7. Hon' Director, Centre for venom informatics, Kariavattom, University of Kerala.
8. Expert member, Science Board, Indira Gandhi National Open University (IGNOU) New Delhi.
9. President, Kerala Academy of Sciences.

**Dr. KP Laladhas, Member Secretary**

National level Expert committee on Access and Benefit Sharing,
National Biodiversity Authority, Chennai

# ബോധവൽക്കരണ ക്ലാസ്സുകൾ

**Dr. Balakrishna Pisupati, Chairman, NBA,** visited Kerala and held discussions with the Chief Minister on biodiversity related issues.

**Dr. Oommen V Oommen, Chairman, KSBB**

1) gave a presentation on "Western Ghats " at Kollam Press Club on 24-07-2012.
2) delivered a lecture on "Biodiversity and Climate Change" at S N College, Varkala on 7- 9- 2012.
3) elucidated the diversity of Western Ghats in a presentation "Western Ghats Biodiversity" at Marian College, Kuttikkanam on 18.09.2012.
4) gave a talk on the environmental degradation of Pamba river at YMCA, Thiruvananthapuram on 30-10-2012.
5) gave a talk on "Biodiversity and Human welfare" detailing the ecosystem services and other services provided by Biodiversity for human welfare at KSCSTE on 14-11-2012.
6) gave a talk on Constituting and strengthening of BMC- The Kerala experience on 29-12-2012, National Biodiversity Conference, Thiruvananthapuram.
7) delivered a talk on Preparation of People's Biodiversity Register- at National Biodiversity Authority, Chennai on 5-03-2013.
8) gave a lecture on Conservation: An Indian Initiative- at Interdisciplinary National Conference on " BIODIVERSITY AND ECO-TOURISM" , Avinashalingham University, Coimbatore.
9) gave a talk on the salient features of WGEEP "Western Ghats Ecology Expert panel" at Idukki
10) delivered a lecture on "Biodiversity Conservation" at Coimbatore on 5-02-2013
11) delivered a talk on "Medicinal Plant Diversity for Human Welfare" at Medicinal Plant Board on 2-03-2013.
12) gave an invited lecture on "Organic Farming" , Workshop on Organic farming arranged by CROPS Presentation" at 5-03-2013, Pinarayi, Kannur.
13) gave a talk on "Water Use" at Bishop Moore College, Mavelikkara on 20-03-2013.
14) delivered lecture on "GM crops - PROS and CONS", University B.Ed Training College, Kumarapuram.

# ദേശീയ പരിപാടികളിലെ പ്രാതിനിധ്യം

COP 11 : 2012 ഒക്ടോബർ 8 മുതൽ 19 വരെ ഹൈദരാബാദിൽ നടന്ന CoP 11 ലെ ഹൈലെവൽ സെഗ്മെന്റിൽ കെ.എസ്.ബി.ബി. ചെയർമാനും മെമ്പർ സെക്രട്ടറിയും പങ്കെടുത്തു.

**സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളുടെ 8-ാമത് ദേശീയ സമ്മേളനം:** സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളുടെ 8-ാമത് ദേശീയ സമ്മേളനം മാർച്ച് 1516 തീയതികളിൽ ചെന്നൈയിൽ നടന്നു. കേന്ദ്ര വനം-പരി സ്ഥിതി മന്ത്രി ശ്രീമതി ജയന്തി നടരാജൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. നാഷണൽ ബയോ ഡൈവേഴ്സ്റ്റി അതോറിറ്റി ചെയർമാൻ ഡോ.ബാലകൃഷ്ണ പിശുപതി മുഖ്യ പ്രഭാഷണം നടത്തി. കേരളത്തെ പ്രതിനിധീകരിച്ച് കെ.എസ്.ബി.ബി. ചെയർമാനും മെമ്പർ സെക്രട്ടറിയും പങ്കെടുത്തു. CoP 11 എടുത്ത തീരുമാനങ്ങളെ അടിസ്ഥാനമാക്കി ജൈവവൈവിധ്യ സംരക്ഷണത്തിന് സ്വീകരിക്കേണ്ട ഭാവി പരിപാടികളെയും നയങ്ങളെയുംകുറിച്ച് ചർച്ചചെയ്യുന്നതിനാണ് ഈ സമ്മേളനം കൂടിയത്. ജൈവൈവിധ്യ സംരക്ഷണം നയം സംസ്ഥാനതലത്തിൽ നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഭരണപരവും നിയമപരവുമായ പ്രശ്നങ്ങളെക്കുറിച്ച് സാങ്കേതിക സെഷനുകൾ നടക്കുകയുണ്ടായി. കൂടാതെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, ജൈവവൈവിധ്യ  പരിപാലന സമിതികളുടെ രൂപീകരണം, ജൈവവൈവിധ്യ നിയമങ്ങളുടെ നിർവ്വഹണം എന്നിവ സംബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി.

## ഡോ.ഉമ്മൻ വി ഉമ്മൻ, ചെയർമാൻ

1. രാസകീടനാശിനികളുടെ ഉപയോഗം; ഇടുക്കിയിലെ ഏലമലക്കാടുകൾ, കണ്ണൻ ദേവൻ മലകൾ, കുട്ടനാട് നീർത്തട ആവാസവ്യവസ്ഥ എന്നിവയിൽ ചെലുത്തുന്ന പാരിസ്ഥിതികമായ പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് സംഘടിപ്പിച്ച യോഗത്തിൽ അധ്യക്ഷത വഹിച്ചു.
2. ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തന അവലോകനത്തിനും ശാക്തീകരണത്തിനുമായി പുന:രൂപീകരിച്ച വിദഗ്ധ സമിതിയുടെ 2012 നംബർ 19, 20 തീയതികളിൽ ചെന്നൈയിൽ നടന്ന പ്രഥമ യോഗത്തിൽ പങ്കെടുത്തു.
3. 2013 മാർച്ച് 3-5 വരെ ATREEയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ നടന്ന National Ramzar Sites Stakeholders Meet and Wetland Conservation seminar ൽ പങ്കെടുത്തു.
4. NUALS എന്ന സംഘടന കളമശ്ശേരിയിൽ വച്ച് 2013 മാർച്ച് 5ന് Law and Policy on Fisheries Conservation and Management: Issues and Challenges എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ പങ്കെടുത്തു.

## ഡോ.കെ.പി.ലാലാദാസ്, മെമ്പർ സെക്രട്ടറി

1. 2012 ആഗസ്റ്റ് 29 മുതൽ 31 വരെ ചെന്നൈയിൽ നടന്ന, SAARC രാജ്യങ്ങളിലെ ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ജൈവവൈവിധ്യ പരിശീന പദ്ധതിയിൽ പങ്കെടുത്തു.
2. ജൈവസമ്പത്തുകളുടെ വിവേചന പൂർണ്ണമായ ഉപയോഗവും അവയിൽനിന്ന് ഉരുത്തിരിയുന്ന നേട്ടങ്ങളുടെ  നീതിപൂവ്വമായ പങ്കുവയ്ക്കലും സംബന്ധിച്ച് 2012 ഫെബ്രുവരി 6ന് NBA ചെന്നൈയിൽ സംഘടിപ്പിച്ച ചർച്ചായോഗത്തിൽ പങ്കെടുത്തു.
3. 2012 ഏപ്രിൽ 13 മുതൽ 16 വരെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിൽ നടന്ന പഠന യാത്രയ്ക്ക് നേതൃത്വം വഹിച്ചു.
4. പരിസ്ഥിതി പുന:സ്ഥാപനവുമായി ബന്ധപ്പെട്ട് ഇടുക്കിയിലെ കരുണാപുരം പഞ്ചായത്തിൽ 2012 ജൂൺ 16 ന് നടന്ന യോഗത്തിൽ പങ്കെടുത്തു.
5. ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് പഠനം നടത്തി.

6. കൊല്ലം പ്രസ്സ് ക്ലബ്ബ് നടത്തിയ ജൈവവൈവിധ്യ ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്തു.
7. 2012 സെപ്റ്റംബർ11 ന് വയനാട്ടിൽ നടത്തിയ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുമായി ബന്ധപ്പെട്ട ശിൽപശാലയിൽ പങ്കെടുക്കുകയും ഇവിടെ നടപ്പാക്കുന്ന കിഴങ്ങുവർഗ്ഗ സംരക്ഷണ പദ്ധതിയുടെ അവലോകനം നടത്തുകയും ചെയ്തു.
8. കട്ടപ്പനയിൽ വച്ച് 2012 സെപ്റ്റംബർ 17 ന് ഏലമലക്കാട് സംരക്ഷണ പദ്ധതിയെക്കുറിച്ച് നടന്ന യോഗത്തിൽ പങ്കെടുത്തു.
9. 2012 ഒക്ടോബർ 18ന് കോട്ടയത്തു വച്ച് നാടൻ കന്നുകാലിയിനങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് നടന്ന യോഗത്തിൽ പങ്കെടുത്തു.
10. 2012 ഒക്ടോബർ 25ന് കോഴഞ്ചേരിയിൽ സംഘടിപ്പിച്ച പമ്പാനദീ സംരക്ഷണവുമായി ബന്ധപ്പെട്ട യോഗത്തിൽ പങ്കെടുത്തു.
11. കണ്ണൂരിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ റീജിയണൽ ബൊട്ടാണിക്കൽ ഗാർഡനുമായി ബന്ധപ്പെട്ട് 2012 ജനുവരി 13ന് സംഘടിപ്പിച്ച യോഗത്തൽ പങ്കെടുത്തു.
12. 2013 ഫെബ്രുവരി 23, 24 തീയതികളിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് നടന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു.12th of January, 2013, for Regional Botanic Garden.

## പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നയപരമായ നിർദ്ദേശങ്ങൾ

1. കോട്ടയം വൈക്കത്തെ വെള്ളൂർ പഞ്ചായത്തിലെ അനധികൃത ഇഷ്ടിക നിർമ്മാണം. ബോർഡിന്റെ വിദഗ്ധ സമിതി സന്ദർശിച്ചു. ഇതു കാര്യമായ പാരിസ്ഥിതിക തകരാറുകൾ ഉണ്ടാക്കുന്നില്ലെന്നാണ് കണ്ടെത്തിയത്.
2. കോഴിക്കോട് പയ്യോളി ഗ്രാമപഞ്ചായത്തിലെ കൊളാവിപ്പാലത്ത് നടക്കുന്ന മണൽ ഖനനം കടലാമകളുടെ പ്രജനനത്തെ ദോഷകരമായി ബന്ധിക്കുന്നുണ്ട്. ഇത് പഠനവിധേയമാക്കുവാൻ ബോർഡ് ഒരു നാലംഗ സമിതിയെ നിയോഗിച്ചു.
3. കണ്ണൂർ ജില്ലയിലെ മാടായി, ഏഴോം, കുന്നിംഗലം, ചെറുതാഴ എന്നീ പ്രദേശങ്ങളിലെ തരിശ്ശിട്ടിരിക്കുന്ന 500 ഏക്കറോളം നെൽവയലുകളിൽ കണ്ടൽ സസ്യങ്ങളുടെ വ്യാപനം ഉണ്ടായിട്ടുണ്ട്. കണ്ടലുകളെ പരിരക്ഷിച്ചുകൊണ്ട് ഇവിടെ ഒരേക്കറിലേറെ കൃഷിയുള്ള കർഷകർക്ക് 25,000 രൂപ ധനസഹായം നൽകണമെന്ന് ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടു.
4. കാസർഗോഡ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലുള്ള ചൂരിപ്പാറയിൽ സോഡാ വാട്ടർ പ്ലാന്റ് തുടങ്ങുന്നതിനെതിരായി ചൂരിപ്പാറ പോണ്ട് ആക്ഷൻ കമ്മിറ്റി പ്രതിഷേധിക്കുകയും, ഇത് നിരോധിക്കുന്നതിനായി പഞ്ചായത്ത് വകുപ്പിന് നിവേദനം നൽകുകയും ചെയ്തു. സർക്കാർ ഇതു സംബന്ധിച്ച് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. സ്ഥലം പരിശോധിച്ച ജൈവവൈവിധ്യ പരിപാലന സമിതി ഇവിടെ സോഡാ വാട്ടർ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകണ്ടെന്നാണ് തീരുമാനമെടുത്തത്.
5. മൂന്നാറിൽ ടൂറിസം വകുപ്പ് ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതു സംബന്ധിച്ച് ബോർഡിന്റെ അഭിപ്രായം തേടിയിരുന്നു. പരിസ്ഥിതിയ്ക്കു കോട്ടം തട്ടാതെയും പ്രാദേശിക സമൂഹത്തിനും വിഭവങ്ങൾക്കും ഗുണകരവുമായ ടൂറിസം അനുവദനീയമാണെന്നു റിപ്പോർട്ടു നൽകി. എന്നാൽ അടിസ്ഥാന ഘടകങ്ങളുടെ നിർമ്മാണം പരിസ്ഥിതി സൗഹൃദപരമായിരിക്കണം

6. തിരുവനന്തപുരത്തെ കോവളം ബീച്ചുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ശോഷണം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് പരിസ്ഥിതി പുനസ്ഥാപനം നടത്തുന്നതിനുള്ള നടപടിക്ക് തുടക്കമിട്ടിട്ടുണ്ട്.

7. കണ്ണൂരിലെ മട്ടന്നൂർ കോർപ്പറേഷൻ ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആ പ്രദേശത്തുള്ള കാവുകളുടെ നിലനിൽപ്പ് അപകടത്തിലാവുന്നതായി ബോർഡ് നടത്തിയ പരിശോധനയിൽ കണ്ടെത്തി. ഇവിടത്തെ ജൈവവൈവിധ്യം നിലനിർത്തിക്കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് ബോർഡ് അറിയിച്ചു.

8. കണ്ണൂരിലെ മാടായി പഞ്ചായത്തിൽ കേരള സിറാമിക്സ് കമ്പനി 20 വർഷമായി നടത്തുന്ന കളിമൺ ഖനനം സാരമായ പാരിസ്ഥിതിക പ്രശ്നങ്ങളും ഭൂഗർഭ ജലമലിനീകരണവും സൃഷ്ടിക്കുന്നുണ്ട്. ജൈവവൈവിധ്യ ബോർഡ് ഇതു സംബന്ധിച്ച് നടത്തിയ പഠനത്തിൽ 30 ഏക്കറോളം സ്ഥലത്തെ ജൈവവൈവിധ്യം, ഖനനത്തിന്റെ ഫലമായി നഷ്ടപ്പെട്ടതായി കണ്ടെത്തി. ഈ പ്രദേശത്തെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു മെഡിക്കൽ സംഘത്തെ നിയോഗിക്കണമെന്നും ബോർഡ് നിർദ്ദേശിച്ചു.

9. വയനാട്ടിലെ കണിയാംപറ്റ , പനമരം വില്ലേജുകളിൽ ഒരു  മിനി എയർപോർട്ട് തുടങ്ങുന്നതിനുള്ള നിർദ്ദേശം ഉണ്ടായിരുന്നു. ബോർഡ് നടത്തിയ പഠനത്തിൽ ഇതു നടപ്പിലായാൽ പ്രദേശത്തെ നെൽകൃഷിയിൽ വൻതോതിലുള്ള കുറവുണ്ടാകുമെന്നും, ഇത് പരമ്പരാഗതമായി കൃഷി ഉപജീവനമാർഗ്ഗമാക്കിയ തദ്ദേശീയ സമൂഹത്തെ ദോഷകരമായി ബാധിക്കുമെന്നും കണ്ടെത്തി. ഈ സാഹചര്യത്തിൽ ജൈവവൈവിധ്യ നിയമം 2002 സെക്ഷൻ 23 പ്രകാരം ഇതുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കെതിരെ നടപടിയെടുക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

10. കടൽത്തീര സംരക്ഷണം, കടൽക്ഷോഭത്തിൽ നിന്നുള്ള സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശം പരിസ്ഥിതി കമ്മിറ്റി ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി.  മുഖ്യനിർദ്ദേശങ്ങൾ ഇവയാണ്.

    - തീരദേശത്തിന്റെ പ്രകൃത്യാലുള്ള ഭൂവിന്യാസം സംരക്ഷിക്കുക.
    - തീരദേശ സമീപത്ത് പുതിയ വികസന പ്രവർത്തനങ്ങളും ഗൃഹനിർമ്മാണവും പരിമിതപ്പെടുത്തുക.
    - ബീച്ചുകളിലെ പരിസര മലിനീകരണ പ്രവർത്തനങ്ങൾക്ക് തടയിടുക.
    - തീരദേശത്തെ ജലമലിനീകരണം തടയുക.
    - കണ്ടൽച്ചെടികളും മറ്റും വച്ചുപിടിപ്പിച്ച് തീരദേശങ്ങൾക്ക് പ്രകൃതി ക്ഷോഭങ്ങളിൽനിന്നും പ്രതിരോധം പകരുക.

11. മൂന്നാറിലെ മാട്ടുപ്പെട്ടി ഡാമിലെ  റിസർവോയറിൽ ടൂറിസ്സത്തിന്റെ ഭാഗമായുള്ള അമിതമായ മോട്ടോർ ബോട്ട് യാത്ര ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട്. മണ്ണെണ്ണ വൻതോതിൽ ജലത്തിൽ കലരാൻ ഇത് സാഹചര്യമൊരുക്കുന്നു. ബോർഡ് ഇതു സംബന്ധിച്ച് പഠനം നടത്തുകയും മേൽപ്പറഞ്ഞ പ്രശ്നങ്ങളുടെ ഫലമായി ഇവിടുത്തെ സസ്യജാലമുൾപ്പെടെയുള്ളവ നശീകരണം നേരിടുന്നുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. മാട്ടുപ്പെട്ടി റിസർവോയറിൽ മോട്ടോർ ബോട്ടുകൾ പൂർണ്ണമായും നിരോധിക്കണമെന്നാവശ്യപ്പെട്ട് ബോർഡ് പരിസ്ഥിതി വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

12. ആറൻമുള ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി കമ്മിറ്റി പഠനം നടത്തി. എയർപോർട്ടിനായി കണ്ടെത്തിയ 500 ഏക്കറോളം പ്രദേശത്തിൽ 400 ഏക്കറും പാടങ്ങളാണ്. കൂടാതെ പമ്പാ നദി ഇതിന് സമീപത്തായി ഒഴുകുകയും ചെയ്യുന്നു. നിരവധി ജീവജാലങ്ങളുടെ ആവാസകേന്ദ്രവുമാണ് ഈ പ്രദേശം. ഈ സാഹചര്യത്തിൽ ഇവിടുത്തെ ജൈവവൈവിധ്യത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ മാത്രമേ എയർപോർട്ട് നിർമ്മാണം നടത്താൻ പാടുള്ളൂ എന്ന് കമ്മിറ്റി ശുപാർശചെയ്തു.

KERALA STATE BOIDIVERSITY BOARD
PETTAH, TRIVANDRUM

## BALANCE SHEET AS AT 31st MARCH,2013

| LIABILITIES | Sch No | As at 31.03.2013 Rs.Ps. | As at 31.3.2012 Rs.Ps. | ASSETS | Sch No | As at 31.03.2013 Rs.Ps. | As at 31.3.2012 Rs.Ps. |
|---|---|---|---|---|---|---|---|
| CURRENT LIABILITIES | I | 48,42,914.15 | 16,15,988.00 | FIXED ASSET | IV | 20,31,949.21 | 12,65,609.01 |
| CAPITAL RESERVE | II | 20,31,949.21 | 12,65,609.01 | CURRENT ASSET | | | |
| | | | | Cash in Hand-Plan | | 4,930.00 | 801.00 |
| UNSPENT BALANCE OF PLAN FUNDS | III | 10,50,349.85 | 21,66,698.00 | Cash in Hand-Non Plan | | 6,972.00 | 56.00 |
| | | | | Bank A/c - SBI | | 4,31,317.00 | 16,14,319.00 |
| | | | | Bank A/c - Treasury A/c No.14618 | | 13,548.00 | 6,862.00 |
| | | | | Bank A/c - Treasury A/c No.15176 | | 61,26,337.00 | 21,79,459.00 |
| | | | | Bank A/c - SBT | | 3,344.00 | 0.00 |
| | | | | Bank A/c - IDBI | | 12,462.00 | 0.00 |
| INCOME & EXPENDITURE A/c | V | 7,17,009.00 | 18,811.00 | | | | |
| | | | | Advance to Staff | | 11,363.00 | 0.00 |
| TOTAL | | 86,42,222.21 | 50,67,106.01 | TOTAL | | 86,42,222.21 | 50,67,106.01 |

Notes to Accounts form part of Financial Statements

For Kerala State Biodiversity Board, Trivandrum

Member Secretary
Dr. K.P. LALADHAS
Member Secretary
Kerala State Biodiversity Board
Thiruvananthapuram-695 024

Place: Thiruvananthapuram
Date: 27.09.2013

Prof. Dr. Oommen. V. Oommen
Chairman
Kerala State Biodiversity Board

For JVS & ASSOCIATES
Chartered Accountants
FRN 011879S

R.VINOD KUMAR .FCA
M.NO. 217216
Partner

KERALA STATE BOIDIVERSITY BOARD
PETTAH, TRIVANDRUM

INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31st MARCH,2013

| EXPENDITURE | Sch No | Year Ended 31.03.2013 Rs.Ps. | Year Ended 31.3.2012 | INCOME | Sch No | Year Ended 31.03.2013 Rs.Ps. | Year Ended 31.3.2012 Rs.Ps. |
|---|---|---|---|---|---|---|---|
| To Plan Expenditures | VIII | 3,03,28,605.00 | 2,01,55,709.00 | By Grant in aid Income | | 70,21,526.15 | 49,20,000.00 |
| To Employees Cost | IX | 61,60,193.15 | 41,21,025.00 | By Plan Fund Income | VI | 3,07,24,881.80 | 2,03,54,314.53 |
| To Admistrative Expenses | X | 4,52,449.00 | 4,34,969.00 | By Other Income | VII | 6,25,661.00 | 90,319.00 |
| To Other Expenses | XI | 4,12,559.00 | 3,90,654.00 | By Interest from Banks | | 76,212.00 | 23,922.00 |
| To Depreciation | XII | 3,96,276.80 | 2,88,005.53 | | | | |
| To Excess of Income Over Expenditure transferred to Balance Sheet | | 6,98,198.00 | | By Excess of Expenditure Over Income transferred to Balance Sheet | | | 1,807.00 |
| **TOTAL** | | **3,84,48,280.95** | **2,53,90,362.53** | **TOTAL** | | **3,84,48,280.95** | **2,53,90,362.53** |

Notes to Accounts form part of Financial Statements

For Kerala State Biodiversity Board, Trivandrum

Dr. K.P. LALADHAS
Member Secretary
Kerala State Biodiversity Board
Thiruvananthapuram-695 024

Place: Thiruvananthapuram
Date: 27.09.2013

Prof. Dr. Oommen. V. Oommen
Chairman
Kerala State Biodiversity Board

... & ASSOCIATES
Chartered Accountants
FRN 011879S

R.VINOD KUMAR .FCA
M.NO. 217216
Partner



# NATIONAL BIODIVERSITY AUTHORITY

**(A statutory and autonomous body under the Ministry of Environment & Forests, Government of India)**

The Biological Diversity Act was enacted in 2002 and Biological Diversity Rules were notified in 2004 by the Government of India to conserve, sustainably use, fairly and equitably share the benefits arising out of the use of India's biological resources and associated knowledge.

**The following are some salient features of the Biological Diversity Act:**

- Prior approval of the National Biodiversity Authority (NBA) should be obtained whenever foreign individuals / foreign entities / NRIs / Indian entities having non-Indian participation in their share capital or management, access and use Indian biological resources and knowledge associated thereto, for research or for bio-survey and bio-utilization or for commercial utilization such as drugs, industrial enzymes, food flavours, fragrance, cosmetics, emulsifiers, oleoresins, colours, extracts and genes.
- Prior approval of the NBA should be obtained whenever the results of any research relating to any Indian biological resources are transferred for monetary consideration or otherwise by any person to foreign individuals / foreign entities / NRIs / Indian entities having non -Indian participation in their share capital or management.
- Prior approval of the NBA should be obtained whenever an application is made for obtaining any Intellectual Property Right, in or outside India, for any invention based on any research or information on Indian biological resources.
- Prior approval of the NBA should be obtained whenever any person, who has been granted approval by NBA for accessing the Indian bioresources or associated knowledge, intends to transfer the same to a third party.
- Approval of the NBA is not required when Indian biological resources are used for conventional breeding or traditional practices in agriculture, horticulture, poultry, dairy farming, animal husbandry or bee keeping.
- Approval of the NBA is not required when Indian biological resources listed in the Gazette Notification No. S.0. 2726 (E) dated 26.10.2009 are normally traded as commodities.
- Collaborative research projects are exempted from the purview of the Act provided they are in conformity with the Gazette Notification No. S.0. 1911 (E) dated 08.11.2006.
- Indian citizens / entities shall give prior intimation to State Biodiversity Boards before obtaining any biological resource for commercial utilization, or for bio-survey and bio-utilization for commercial utilization. Local people and communities of the area, including growers and cultivators of biodiversity, *vaids* and *hakims* who have been practising indigenous medicine are exempted from this requirement.
- The offences under this Act shall be cognizable and non-bailable.

This advertisement is for illustrative purposes only.

For exhaustive and full details, Please visit **http://www.nbaindia.org**

**Secretary**
National Biodiversity Authority
5th Floor, TICEL Biopark, CSIR Road Taramani,
Chennai-600113.
Tel: 044-22542777, Fax: 044-22541200.

**With best Compliments from**

**Kerala State Biodiversity Board**
**Pallimukku, Pettah P.O., Thiruvananthapuram**



കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

പള്ളിമുക്ക്, പേട്ട പി ഒ, തിരുവനന്തപുരം 695024, ഫോൺ : 0471–2740240, ഫാക്സ് : 0471–2740234

ഇ മെയിൽ: keralabiodiversity@gmail.com വെബ്സൈറ്റ് : keralabiodiversity@gmail.com